# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | |
|---|---|---|---|---|---|---|
| सं० 4491 | नई दिल्ली | शनिवार | 31 दिसंबर 2022/ | 10 पौष 1944 (शक) | खण्ड | 11 |
| No. 4491 | NEW DELHI | Saturday | 31 December 2022/ | 10 Pousha, 1944 (Saka) | Vol. | 11 |
| നമ്പർ 4491 | ന്യൂഡൽഹി | ശനിയാഴ്ച | 31 ഡിസംബർ 2022/ | 10 പൌഷം, 1944 (ശക) | വാല്യം | 11 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 8th April, 2022/18th Chaithra, 1944 (Saka).*

The translation in Malayalam of The National Waterways Act, 2016 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

2016–ലെ ദേശീയ ജലമാർഗ്ഗ ആക്റ്റിന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973–ലെ 50)–ന്റെ 2–ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. REETA VASISHTA,
*Secretary to the Government of India.*

GCPT 212/9228/2022/S3.

# ദേശീയ ജലമാർഗ്ഗ ആക്റ്റ്, 2016

(2016–ലെ 17–ാം നമ്പർ ആക്റ്റ്)

നിലവിലുള്ള ദേശീയ ജലമാർഗ്ഗങ്ങൾക്ക് വേണ്ടി വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും ചില ഉൾപ്രദേശ ജലമാർഗ്ഗങ്ങളെ ദേശീയ ജലമാർഗ്ഗങ്ങളായി പ്രഖ്യാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും കൂടാതെ ഷിപ്പിംഗിന്റെയും ജലഗതാഗതത്തിന്റെയും ആവശ്യങ്ങൾക്കായി പ്രസ്തുത ജലമാർഗ്ഗങ്ങളുടെ ക്രമപ്പെടുത്തലിനും വികസനത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് ദേശീയ ജലമാർഗ്ഗ ആക്റ്റ്, 2016 എന്ന് പേര് പറയാം.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം മുഖേന നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി[1] പ്രാബല്യത്തിൽ വരുന്നതാണ്.

---

1. 2016 ഏപ്രിൽ 11–ാം തീയതിയിലെ എസ്.ഒ.1384 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 2016 ഏപ്രിൽ 12, ഭാരത ഗസറ്റ്, ഭാഗം II, ഖണ്ഡം 3 (ii) കാണുക.

2. <u>നിലവിലുള്ള ദേശീയ ജലമാർഗ്ഗങ്ങളും ചില ഉൾപ്രദേശ ജലമാർഗ്ഗങ്ങളെ ദേശീയ ജലമാർഗ്ഗങ്ങളായി പ്രഖ്യാപിക്കലും.</u>—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആക്റ്റുകൾ പ്രകാരം ദേശീയ ജലമാർഗ്ഗങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള, പട്ടികയിൽ 1 മുതൽ 5 വരെ ക്രമനമ്പരുകളിൽ നിർദ്ദേശിച്ചിട്ടുള്ള നിലവിലുള്ള ദേശീയ ജലമാർഗ്ഗങ്ങൾ, പട്ടികയിലെ (3)-ാം കോളത്തിൽ നൽകിയിട്ടുള്ള അവയുടെ അതിർത്തികളോടുകൂടി, ഈ ആക്റ്റ് പ്രകാരം വരുത്തിയ രൂപഭേദങ്ങൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരം ഷിപ്പിംഗിന്റെയും ജലഗതാഗതത്തിന്റെയും ആവശ്യങ്ങൾക്കായി, ദേശീയ ജലമാർഗ്ഗങ്ങളായി തുടരുന്നതാണ്.

(2) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൻകീഴിലുള്ള, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ജലമാർഗ്ഗങ്ങളുടെ ക്രമപ്പെടുത്തലും വികസനവും, പ്രസ്തുത ജലമാർഗ്ഗങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ദേശീയ ജലമാർഗ്ഗങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു എന്ന പോലെ തുടരേണ്ടതാണ്.

(3) പട്ടികയിൽ 6 മുതൽ 111 വരെ ക്രമനമ്പരുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഉൾപ്രദേശ ജലമാർഗ്ഗങ്ങൾ, അതിലെ (3)-ാം കോളത്തിൽ നൽകിയിട്ടുള്ള അവയുടെ അതിർത്തികളോടുകൂടി, ഷിപ്പിംഗിന്റെയും ജലഗതാഗതത്തിന്റെയും ആവശ്യങ്ങൾക്കായി, ദേശീയ ജലമാർഗ്ഗങ്ങളാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

3. <u>ചില ആവശ്യങ്ങൾക്കായി പട്ടികയിൽ പറഞ്ഞിട്ടുള്ള ജലമാർഗ്ഗങ്ങളുടെ യൂണിയൻ മുഖാന്തരമുള്ള നിയന്ത്രണത്തിന്റെയും വികസനത്തിന്റെയും ഔചിത്യം സംബന്ധിച്ച പ്രഖ്യാപനം.</u>—2-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ഷിപ്പിംഗിന്റെയും ജലഗതാഗതത്തിന്റെയും ആവശ്യങ്ങൾക്കായി, പട്ടികയിൽ പറഞ്ഞിട്ടുള്ള ജലമാർഗ്ഗങ്ങളുടെ ക്രമപ്പെടുത്തലും വികസനവും ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്റ്റ്, 1985 (1985-ലെ 82)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളം, യൂണിയന്റെ

നിയന്ത്രണത്തിലെടുക്കുന്നത് പൊതു താൽപ്പര്യാർത്ഥം ഉചിതമായിരിക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

4. 1985–ലെ 82–ാം ആക്റ്റ് 2–ാം വകുപ്പിന്റെ ഭേദഗതി.—ഭാരതത്തിന്റെ ഉൾപ്രദേശ ജലമാർഗ്ഗ അതോറിറ്റി ആക്റ്റ്, 1985–ലെ 2–ാം വകുപ്പിൽ (ജ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

'(ജ) "ദേശീയ ജലമാർഗ്ഗം" എന്നാൽ ദേശീയ ജലമാർഗ്ഗ ആക്റ്റ്, 2016–ലെ 2–ാം വകുപ്പ് പ്രകാരം ഒരു ദേശീയ ജലമാർഗ്ഗമാണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഉൾപ്രദേശ ജലമാർഗ്ഗം എന്നർത്ഥമാകുന്നു.

*വിശദീകരണം.*—പാർലമെന്റ് നിയമം മുഖേന മറ്റേതെങ്കിലും ജലമാർഗ്ഗത്തെ ഒരു ദേശീയ ജലമാർഗ്ഗമാണെന്ന് പ്രഖ്യാപിക്കുകയാണെങ്കിൽ, അപ്പോൾ, അങ്ങനെയുള്ള പ്രഖ്യാപനം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ—

(i) അങ്ങനെയുള്ള മറ്റ് ജലമാർഗ്ഗവും കൂടി ഈ ഖണ്ഡത്തിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ ഒരു ദേശീയ ജലമാർഗ്ഗമാണെന്ന് കണക്കാക്കേണ്ടതും;

(ii) ഈ ആക്റ്റിലെ വ്യവസ്ഥകൾ ആവശ്യമായ രൂപഭേദങ്ങളോടുകൂടി (ഈ ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച ഏതെങ്കിലും പരാമർശം മുൻ പറഞ്ഞ തീയതി സംബന്ധിച്ച ഒരു പരാമർശമായി അർത്ഥം കൽപ്പിക്കുന്നതിനുള്ള രൂപഭേദമുൾപ്പെടെ) അങ്ങനെയുള്ള ദേശീയ ജലമാർഗ്ഗത്തിന് ബാധകമാകുന്നതുമാണ്;'.

5. ചില നിയമങ്ങളുടെ റദ്ദാക്കലും ഒഴിവാക്കലും.—(1) താഴെപ്പറയുന്ന ആക്റ്റുകൾ, അതായത്:—

(ക) നാഷണൽ വാട്ടർവേ (അലഹബാദ്–ഹാൽഡിയാ സ്ട്രെച്ച് ഓഫ് ദ ഗംഗാ ഭാഗീരഥി–ഹുഗ്ളി റിവർ) ആക്റ്റ്, 1982 (1982–ലെ 49);

(ഖ) നാഷണൽ വാട്ടർവേ (സദിയ–ധുബ്രി സ്ട്രെച്ച് ഓഫ് ബ്രഹ്മപുത്ര റിവർ) ആക്റ്റ്, 1988 (1988–ലെ 40);

(ഗ) നാഷണൽ വാട്ടർവേ (കൊല്ലം–കോട്ടപ്പുറം സ്ട്രെച്ച് ഓഫ് വെസ്റ്റ് കോസ്റ്റ് കനാൽ ആന്റ് ചമ്പക്കര ആന്റ് ഉദ്യോഗ മണ്ഡൽ കനാൽസ്) ആക്റ്റ്, 1992 (1992–ലെ 25);

(ഘ) നാഷണൽ വാട്ടർവേ (തൽചർ–ധാമ്രാ സ്ട്രെച്ച് ഓഫ് റിവേഴ്സ്, ഗോംഖലി–ചർബതിയ സ്ട്രെച്ച് ഓഫ് ഈസ്റ്റ് കോസ്റ്റ് കനാൽ, ചർബതിയ–ധാമ്രാ സ്ട്രെച്ച് ഓഫ് മാതായി റിവർ ആന്റ് മഹാനദി ഡെൽറ്റ റിവേഴ്സ്) ആക്റ്റ്, 2008 (2008–ലെ 23); കൂടാതെ

(ങ) നാഷണൽ വാട്ടർവേ (കാക്കിനാഡ–പുതുച്ചേരി സ്ട്രെച്ച് ഓഫ് കനാൽസ് ആന്റ് ദ കലുവെള്ളി ടാങ്ക്, ഭദ്രാചലം–രാജമുണ്ട്രി സ്ട്രെച്ച് ഓഫ് റിവർ ഗോദാവരി ആന്റ് വസീരാബാദ്–വിജയവാഡ സ്ട്രെച്ച് ഓഫ് റിവർ കൃഷ്ണ) ആക്റ്റ്, 2008 (2008–ലെ 24),

എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും (1)–ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആക്റ്റുകളിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായിടത്തോളം, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ ചെയ്യാതിരുന്നതായോ എടുത്തതായോ എടുക്കാതിരുന്നതായോ കരുതപ്പെടേണ്ടതാണ്.

## പട്ടിക

(2–ാം വകുപ്പ് കാണുക)

| *ക്രമ നമ്പർ* | *ദേശീയ ജലമാർഗ്ഗങ്ങൾ* | *ദേശീയ ജലമാർഗ്ഗങ്ങളുടെ അതിർത്തികൾ* |
|---|---|---|
| (1) | (2) | (3) |
| 1. | ദേശീയ ജലമാർഗ്ഗം 1 | താഴെപ്പറയുന്ന അതിർത്തികളോടുകൂടി ഗംഗാ–ഭാഗീരഥി–ഹുഗ്ലി നദികളുടെ അലഹാബാദ്–ഹാൽഡിയാ ഭാഗം, അതായത്:— <br> അലഹബാദിൽ ഗംഗാ നദിയ്ക്ക് കുറുകെയുള്ള റോഡ് പാലത്തിൽ നിന്ന് ത്രിവേണിയിൽ ഗംഗാ യമുനാ നദികളുടെ സംഗമസ്ഥാനത്ത് നിന്ന് ഏകദേശം 2 കിലോമീറ്റർ ഒഴുക്കിനെതിരെ മേലോട്ട്, ചാനൽ ക്രീക്ക് എന്ന് പൊതുവേ വിളിക്കുന്ന ബറട്ടോല നദിയിലേക്കുള്ള പ്രവേശനകവാടത്തിലെ 1–ാം നമ്പർ റെഫ്യൂജ് ഹൗസിന് ഇടയിലൂടെ വരച്ച ഒരു രേഖയിൽ നിന്ന് ഹുഗ്ലി നദിയുടെ വേലിയേറ്റ ജലമാർഗ്ഗത്തിൽ ഉൾപ്രദേശ ജലമാർഗ്ഗ അതിർത്തിയിലേക്ക്, സൗഗർ ലൈറ്റ് ഹൗസിന് 2.5 കിലോമീറ്റർ നേരെ തെക്കുള്ള ഒരു സ്ഥാനത്തേക്കും തുടർന്ന് ഗംഗാ നദിയിലൂടെയും ഫറാക്കയിലെ ലോക് കനാലിലൂടെയും ഫീഡർ കനാലിലൂടെയും ഭാഗീരഥി നദിയിലൂടെയും ഹുഗ്ലി നദിയിലൂടെയും ഹിജ്‌ലി അല്ലെങ്കിൽ റസൽപോർ നദിയിലേക്കുള്ള പ്രവേശന കവാടത്തിൽ വലത് അല്ലെങ്കിൽ തെക്ക് തീരത്തോട് ബന്ധിപ്പിക്കുന്നു. |

2. ദേശീയ ജലമാർഗ്ഗം 2 താഴെപ്പറയുന്ന അതിർത്തികളോടുകൂടി ബ്രഹ്മപുത്ര നദിയുടെ സദിയാ–ധുബ്രി ഭാഗം, അതായത്:—

സദിയായ്ക്ക് സമീപത്ത് ബ്രഹ്മപുത്ര നദിയുമായി കുണ്ടിൽ നദി സംഗമിക്കുന്ന അതിന്റെ വടക്കൻ തീര ബിന്ദുവിൽ നിന്ന് ബ്രഹ്മപുത്ര നദിയ്ക്ക് കുറുകെ വരച്ച ഒരു രേഖയിൽ നിന്ന് മജുലി നദീ ദ്വീപിന്റെ തുടക്കം വരെയും അവിടെ നിന്ന് മജുലി നദീ ദ്വീപിന്റെ ഇരു തീരങ്ങളിലുമുള്ള ബ്രഹ്മപുത്ര നദിയുടെ എല്ലാ നീർച്ചാലുകളിലൂടെയും മജുലി നദീ ദ്വീപിന്റെ അവസാനംവരെയും തുടർന്ന് ധുബ്രിയുടെ ഒഴുക്കിനൊപ്പം അന്താരാഷ്ട്ര അതിർത്തിവരെയും.

3. ദേശീയ ജലമാർഗ്ഗം 3 താഴെപ്പറയുന്ന അതിർത്തികളോടുകൂടി വെസ്റ്റ് കോസ്റ്റ് കനാലിന്റെയും ചമ്പക്കര, ഉദ്യോഗ മണ്ഡൽ കനാലുകളുടെയും കൊല്ലം–കോഴിക്കോട് ഭാഗവും, അതായത്:—

വെസ്റ്റ് കോസ്റ്റ് കനാലിന്റെ വടക്കേ അതിർത്തി വടക്ക് 11° 13' 39" അക്ഷാംശത്തിലും കിഴക്ക് 75° 46' 44" രേഖാംശത്തിലും കോഴിക്കോട് ആയിരിക്കേണ്ടതും തെക്കേ അതിർത്തി കൊല്ലം ജെട്ടിയിൽ നിന്ന് 100 മീറ്റർ തെക്കായി അഷ്ടമുടി കായലിന് കുറുകെ വരച്ച ഒരു രേഖയും ആയിരിക്കേണ്ടതുമാണ്.

വെസ്റ്റ് കോസ്റ്റ് കനാലുമായുള്ള സംഗമസ്ഥാനത്ത് നിന്ന് തുടങ്ങി ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, ബോട്ട് ബേസിന്റെ (കൊച്ചിൻ ഓയിൽ റിഫൈനറിയ്ക്ക് വേണ്ടിയുള്ള റെയിൽവേ സൈഡിംഗ്) സമീപത്തുള്ള റെയിൽവേ പാലത്തിൽ അവസാനിക്കുകയും ചെയ്യുന്ന ചമ്പക്കര കനാൽ.

വെസ്റ്റ് കോസ്റ്റ് കനാലുമായുള്ള സംഗമസ്ഥാനത്ത് നിന്ന് തുടങ്ങുകയും പാതാളം റോഡ് പാലത്തിൽ (ഏലൂർ–എടയാർ) അവസാനിക്കുകയും ചെയ്യുന്ന ഉദ്യോഗ മണ്ഡൽ കനാൽ.

4. ദേശീയ ജലമാർഗ്ഗം 4 താഴെപ്പറയുന്ന അതിർത്തികളോടുകൂടി കനാലുകളുടെ കാക്കിനാഡ–പുതുച്ചേരി ഭാഗവും കലുവെള്ളി തടാകവും ഗോദാവരി നദിയുടെ നാസിക്ക്–ഭദ്രാചലം–രാജമുന്ധ്രി ഭാഗവും കൃഷ്ണ നദിയുടെ ഗലഗാലി–വസീരാബാദ്–വിജയവാഡ ഗ്രാമ ഭാഗത്തിന്റെ സമീപത്തുള്ള പാലവും, അതായത്:—

*കാക്കിനാഡ–പുതുച്ചേരി കനാൽ*

(കാക്കിനാഡ കനാൽ, ഏലൂരു കനാൽ, കോമ്മാമൂർ കനാൽ, വടക്കേ ബക്കിംഗ് ഹാം കനാൽ എന്നിവ ഉൾക്കൊള്ളുന്ന കനാലുകളുടെ വ്യൂഹം, വടക്കേ ബക്കിംഗ് ഹാം കനാലും തെക്കേ ബക്കിംഗ് ഹാം കനാലും ബന്ധിപ്പിക്കുന്ന കുവം നദിയുടെ

ഭാഗം, തെക്കേ ബക്കിംഗ് ഹാം കനാലും കലുവെള്ളി തടാകവും)

വടക്കേ അതിർത്തി: വടക്ക് 16° 56' 24" അക്ഷാംശത്തിലും കിഴക്ക് 82° 14' 20" രേഖാംശത്തിലും കാക്കിനാഡയിലുള്ള ജഗന്നാഥപുരം റോഡ് പാലത്തിന് സമാന്തരമായി കാക്കിനാഡ കനാലിന്റെ കുറുകെ ഒഴുക്കിന്റെ ദിശയിൽ 500 മീറ്റർ ദൂരത്തിൽ വരച്ച ഒരു രേഖ;

തെക്കേ അതിർത്തി: വടക്ക് 20° 0' 07" അക്ഷാംശത്തിലും കിഴക്ക് 79° 52' 12" രേഖാംശത്തിലും കലുവെള്ളി തടാകത്തെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിന്റെ അവസാന ഭാഗമായ കനകചെട്ടികുളത്തുള്ള ഈസ്റ്റ് കോസ്റ്റ് ഹൈവേയുടെയും ചിന്നകലാവരി-കനക ചെട്ടികുളം റോഡിന്റെയും കവല.

*ഗോദാവരി നദി*

പടിഞ്ഞാറേ അതിർത്തി: വടക്ക് 20° 0' 07" അക്ഷാംശത്തിലും കിഴക്ക് 73° 48' 12" രേഖാംശത്തിലും ഗോദാവരി നദിക്ക് കുറുകെ നാസിക്കിൽ മുംബൈ-ആഗ്ര ഹൈവേയിലുള്ള റോഡ് പാലം;

കിഴക്കേ അതിർത്തി: വടക്ക് 16° 56' 05" അക്ഷാംശത്തിലും കിഴക്ക് 81° 45' 32" രേഖാംശത്തിലും രാജമുണ്ഡ്രിയിലെ ഡൗലെയ്ശ്വരത്ത് ഗോദാവരി

നദിക്ക് കുറുകെയുള്ള സർ ആർതർ കോട്ടൻ കൃത്രിമ മൺതിട്ട.

*കൃഷ്ണാ നദി*

പടിഞ്ഞാറേ അതിർത്തി: വടക്ക് 16° 25' 28" അക്ഷാംശത്തിലും കിഴക്ക് 75° 26' 19" രേഖാംശത്തിലും ഗലഗാലി ഗ്രാമത്തിന് സമീപമുള്ള പാലം;

കിഴക്കേ അതിർത്തി: വടക്ക് 16° 30' 18" അക്ഷാംശത്തിലും കിഴക്ക് 80° 36' 23" രേഖാംശത്തിലും വിജയവാഡയിൽ കൃഷ്ണാനദിക്ക് കുറുകെയുള്ള പ്രകാശം കൃത്രിമ മൺതിട്ട.

5. ദേശീയ ജലമാർഗ്ഗം 5 താഴെപ്പറയുന്ന അതിർത്തികളോടുകൂടി ബ്രഹ്മണി–ഖർസുവ–തന്തിഘായ്–പാണ്ഡുവ നാലാ–ദുധേയി നാലാ–കണി ധാമ്രാ–നദീ വ്യൂഹത്തിന്റെ തൽചർ– ധാമ്രാ ഭാഗവും ഈസ്റ്റ് കോസ്റ്റ് കനാലിന്റെ ഗോംഖലി–ചർബതിയ ഭാഗവും മാതായി നദിയുടെയും മഹാനദി ഡെൽറ്റ നദികളുടെയും ചർബതിയ–ധാമ്രാ ഭാഗവും, അതായത്:—

*ഈസ്റ്റ് കോസ്റ്റ് കനാലും മാതായി നദിയും*

(പഴയ ഹിജിലി വേലിയേറ്റ കനാലും ഒറീസ്സ തീര കനാലും മാതായി നദിയും അടങ്ങുന്നത്)

വടക്കേ അതിർത്തി: വടക്ക് 22° 12' 20" അക്ഷാംശത്തിലും കിഴക്ക് 88° 03' 07" രേഖാംശത്തിലും

ഗോംഖലിയിൽ ഹുഗ്ലി നദിയുടെയും ഹിജിലി വേലിയേറ്റ കനാലിന്റെയും സംഗമ ബിന്ദു;

തെക്കേ അതിർത്തി: വടക്ക് 20° 47' 42" അക്ഷാംശത്തിലും കിഴക്ക് 86° 53' 03" രേഖാംശത്തിലും ധാമ്രാ ഫിഷിംഗ് ഹാർബറിന് സമീപം മാതായി നദിയുടെയും ധാമ്രാ നദിയുടെയും സംഗമ സ്ഥാനം.

*ബ്രഹ്മണി-ഖർസുവ-ധാമ്രാ നദീ വ്യൂഹം*

(ബ്രഹ്മണി–ഖർസുവ–തന്തിഘായി–പാണ്ഡുവ നാലാ–ദുധേയി നാലാ– കണി–ധാമ്രാ നദികൾ അടങ്ങുന്നത്)

വടക്ക്–പടിഞ്ഞാറ് അതിർത്തി: വടക്ക് 21° 04' 26" അക്ഷാംശത്തിലും കിഴക്ക് 86° 08' 05" രേഖാംശത്തിലും തൽച്ചറിൽ ബ്രഹ്മണി നദിയ്ക്ക് കുറുകെയുള്ള സമൽ കൃത്രിമ മൺതിട്ട;

തെക്ക്–കിഴക്ക് അതിർത്തി: വടക്ക് 20° 46' 26" അക്ഷാംശത്തിലും കിഴക്ക് 86° 57' 15" രേഖാംശത്തിലും ചാന്ദ്നിപാലിന് സമിപത്തായി കാലിഭഞ്ജ് ദിയാൻ റിസർവ് വനത്തിന്റെ കിഴക്കേ ബിന്ദുവിൽ ധാമ്രാ നദിക്ക് കുറുകെ വരച്ച ഒരു സാങ്കൽപ്പിക രേഖ.

*മഹാനദി ഡെൽറ്റ നദികൾ* (ഹൻസുവ നദി, ആഥരാബാങ്കി ക്രീക്ക്, നൂനാ നാലാ, ഗോബ്രി നാലാ, ഖർനാസി നദി, മഹാനദി എന്നിവ അടങ്ങുന്നത്)

(അനുകൽപിക മാർഗ്ഗം–ഹൻസുവാ നദി ഫാൾസ് പോയിന്റ് ഉൾക്കടലിലെ വടക്കേ ബിന്ദുവിലൂടെ ബംഗാൾ ഉൾക്കടലിലേയ്ക്ക് പ്രവേശിക്കുന്നു, തുടർന്ന്, ഫാൾസ് പോയിന്റ് ഉൾക്കടലിന്റെ തെക്കേ അതിരിൽ ഖർനാസി നദിയിലും മഹാനദിയുടെ വടക്കോട്ടുള്ള ഒരു കൈവഴിയായ ആഥരാബാങ്കി നദിയിലും പ്രവേശിക്കുന്നു)

വടക്കേ അതിർത്തി: വടക്ക് 20° 36' 55" അക്ഷാംശത്തിലും കിഴക്ക് 86° 45' 05" രേഖാംശത്തിലും രാമചന്ദ്രപുരത്ത് ബ്രഹ്മണി നദിയുടെയും ഖർസുവ നദിയുടെയും സംഗമ സ്ഥാനം.

തെക്കേ അതിർത്തി: വടക്ക് 20° 15' 38" അക്ഷാംശത്തിലും കിഴക്ക് 86° 40' 55" രേഖാംശത്തിലും പരാദ്വീപ് തുറമുഖത്ത് പ്രവേശന ചാലിന്റെ കുറുകെ നോർത്തേൺ ബ്രേക്ക് വാട്ടർ സ്ട്രക്ചറിന് തുടർച്ചയായുള്ള ഒരു സാങ്കൽപ്പിക രേഖ.

6. ദേശീയ ജലമാർഗ്ഗം 6 *ആയി നദി:*

വടക്ക് 26° 33' 32"അക്ഷാംശത്തിലും കിഴക്ക് 90° 34' 01" രേഖാംശത്തിലും ആദാൽഗുറി നമ്പർ 3 പാലത്തിൽ നിന്ന് ഒഴുക്കിനെതിരായി മേലോട്ട് വടക്ക് 26° 12' 50" അക്ഷാംശത്തിലും കിഴക്ക്

90° 36' 24" രേഖാംശത്തിലും ബ്രഹ്മപുത്ര നദിയുമായുള്ള സംഗമസ്ഥാനം വരെ. (ജോഗിഗൊപയിൽ നരനാരായൺ സേതുവിന് ഒഴിക്കിനെതിരായി മേലോട്ട് 4.7 കി.മീ.)

7. ദേശീയ ജലമാർഗ്ഗം 7 *അജോയ് (അജയ്) നദി:*

വടക്ക് 23° 36' 56" അക്ഷാംശത്തിലും കിഴക്ക് 87° 31' 58" രേഖാംശത്തിലും ഇലംബസാറിൽ മോർഗ്രം–പാനാഗഡ് 14–ാം നമ്പർ സംസ്ഥാന പാതയിലെ പാലത്തിൽ നിന്ന് വടക്ക് 23° 39' 23" അക്ഷാംശത്തിലും കിഴക്ക് 88° 07' 57" രേഖാംശത്തിലും കത്വായിൽ അജോയ് നദിയുടെയും ഭാഗിരഥി നദിയുടെയും സംഗമസ്ഥാനം വരെ.

8. ദേശീയ ജലമാർഗ്ഗം 8 *ആലപ്പുഴ–ചങ്ങനാശ്ശേരി കനാൽ:*

വടക്ക് 9° 30' 03"അക്ഷാംശത്തിലും കിഴക്ക് 76° 20' 37" രേഖാംശത്തിലും ആലപ്പുഴ ബോട്ട് ജെട്ടിയിൽ നിന്ന് വടക്ക് 9° 26' 42" അക്ഷാംശത്തിലും കിഴക്ക് 76° 31' 42" രേഖാംശത്തിലും ചങ്ങനാശ്ശേരി ജെട്ടി വരെ.

9. ദേശീയജല മാർഗ്ഗം 9 *ആലപ്പുഴ– കോട്ടയം അതിരമ്പുഴ കനാൽ:*

വടക്ക് 9° 30' 03" അക്ഷാംശത്തിലും കിഴക്ക് 76° 20' 37" രേഖാംശത്തിലും ആലപ്പുഴ ബോട്ട് ജെട്ടിയിൽ നിന്ന് വടക്ക് 9° 40' 04" അക്ഷാംശത്തിലും കിഴക്ക് 76° 31' 54" രേഖാംശത്തിലും അതിരമ്പുഴ മാർക്കറ്റ് വരെ.

10. ദേശീയജലമാർഗ്ഗം 10 *അംബാനദി:*

അറബിക്കടൽ, വടക്ക് 18° 50' 15" അക്ഷാംശത്തിലും കിഴക്ക് 72° 56' 31" രേഖാംശത്തിലും റേവാസ് ഗ്രാമത്തിന് സമീപം ധരംതാർ ക്രീക്കിൽ നിന്ന് വടക്ക് 18° 32' 20" അക്ഷാംശത്തിലും കിഴക്ക് 73° 08' 0" രേഖാംശത്തിലും നാഗോഥാനെ എസ് ടി സ്റ്റാന്റിന് സമീപത്തുള്ള പാലം വരെ.

11. ദേശീയ ജലമാർഗ്ഗം 11 *അരുണാവതി അരൺ നദീ വ്യൂഹം*:

വടക്ക് 20° 13' 33" അക്ഷാംശത്തിലും കിഴക്ക് 77° 33' 23" രേഖാംശത്തിലും 211–ാം നമ്പർ സ്റ്റേറ്റ് ഹൈവേയിലെ പാലത്തിൽ നിന്ന് വടക്ക് 19° 59' 31" അക്ഷാംശത്തിലും കിഴക്ക് 78° 09' 38"

രേഖാംശത്തിലും രതനാപുർ ഗ്രാമത്തിന് സമീപം അരുണാവതി നദിയുടെയും അരൺ നദിയുടെയും സംഗമസ്ഥാനം വരെയും വടക്ക് 19° 54' 08" അക്ഷാംശത്തിലും കിഴക്ക് 78° 12' 36" രേഖാംശത്തിലും ചിമാതാ ഗ്രാമത്തിന് സമീപം അരൺ നദിയുടെയും പെൻഗംഗ നദിയുടെയും സംഗമസ്ഥാനം വരെയും.

12. ദേശീയ ജലമാർഗ്ഗം 12 *ആസി നദി:*

വടക്ക് 25° 17' 19" അക്ഷാംശത്തിലും കിഴക്ക് 83° 0' 25" രേഖാംശത്തിലും വാരണാസിയിലെ അസിഘട്ടിൽ ഗംഗാനദിയുടെ സംഗമസ്ഥാനത്ത് നിന്ന് വടക്ക് 25° 16' 37" അക്ഷാംശത്തിലും കിഴക്ക് 82° 58' 18" രേഖാംശത്തിലും വാരണാസിയിലെ നവാഡയ്ക്ക് സമീപം വരെ.

13. ദേശീയ ജലമാർഗ്ഗം 13 *എവിഎം കനാൽ:*

വടക്ക് 8° 18' 30" അക്ഷാംശത്തിലും കിഴക്ക് 77° 04' 45" രേഖാംശത്തിലും പൂവാർ ബീച്ചിൽ നിന്ന് വടക്ക് 8° 14' 54" അക്ഷാംശത്തിലും കിഴക്ക് 77° 09' 34" രേഖാംശത്തിലും ഇരയിമ്മൻതുറൈ ബസ് സ്റ്റോപ്പ് വരെ.

14. ദേശീയ ജലമാർഗ്ഗം 14 *ബൈതരണി നദി:*

വടക്ക് 20° 51' 45" അക്ഷാംശത്തിലും കിഴക്ക് 86° 33' 30" രേഖാംശത്തിലും ദത്താപൂർ ഗ്രാമത്തിൽ നിന്ന് വടക്ക് 20° 45' 13" അക്ഷാംശത്തിലും കിഴക്ക് 86° 49' 15" രേഖാംശത്തിലും ലക്ഷ്മിപ്രസാദ് ദിയയ്ക്ക് സമീപം ധാമ്ര നദിയുമായുള്ള സംഗമസ്ഥാനം വരെ.

15. ദേശീയ ജലമാർഗ്ഗം 15 *ബക്രേശ്വർ മയൂരാക്ഷി നദീ വ്യൂഹം:*

വടക്ക് 23° 49' 31" അക്ഷാംശത്തിലും കിഴക്ക് 87° 24' 59" രേഖാംശത്തിലും ബക്രേശ്വർ നദിയിൽ നീൽ നിർജൻ അണക്കെട്ടിൽ നിന്ന് വടക്ക് 23° 51' 58" അക്ഷാംശത്തിലും കിഴക്ക് 88° 02' 21" രേഖാംശത്തിലും തേൽഗ്രാം ഗ്രാമത്തിന് സമീപം ബക്രേശ്വർ നദിയുടെയും മയൂരാക്ഷി നദിയുടെയും സംഗമസ്ഥാനം വരെ.

തെൽഗ്രാം വില്ലേജിൽ മയൂരാക്ഷി നദിയിൽ നിന്ന് വടക്ക് 23° 58' 22" അക്ഷാംശത്തിലും കിഴക്ക് 88° 09' 21" രേഖാംശത്തിലും ദക്ഷിൺ ഹിജൽ ഗ്രാമത്തിന് സമീപം ദ്വാരക നദിയുമായുള്ള സംഗമസ്ഥാനം വരെ.

16. ദേശീയ ജലമാർഗ്ഗം 16 *ബറാക്ക് നദി:*

വടക്ക് 24° 47' 18'' അക്ഷാംശത്തിലും കിഴക്ക് 93° 01' 16'' രേഖാംശത്തിലും ലഖിപുർ ഫെറി ഘട്ടിൽ നിന്ന് വടക്ക് 24° 52' 34'' അക്ഷാംശത്തിലും കിഴക്ക് 92° 29' 21'' രേഖാംശത്തിലും തുകേർ ഗ്രാം വരെ.

17. ദേശീയ ജലമാർഗ്ഗം 17 *ബിയാസ് നദി:*

വടക്ക് 31° 57' 22'' അക്ഷാംശത്തിലും കിഴക്ക് 75° 53' 37'' രേഖാംശത്തിലും തൽവര കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 31° 09' 09'' അക്ഷാംശത്തിലും കിഴക്ക് 74° 58' 08'' രേഖാംശത്തിലും ഹരിക്കെയ്ക്ക് സമീപം ബിയാസ് നദിയുടെയും സത്‌ലെജ് നദിയുടെയും സംഗമസ്ഥാനം വരെ.

18. ദേശീയ ജലമാർഗ്ഗം 18 *ബേകി നദി:*

വടക്ക് 26° 38' 37'' അക്ഷാംശത്തിലും കിഴക്ക് 90° 59' 02'' രേഖാംശത്തിലും ഇലൈനഗമരിയിൽ നിന്ന് വടക്ക് 26° 14' 24'' അക്ഷാംശത്തിലും കിഴക്ക് 90° 47' 21'' രേഖാംശത്തിലും ബ്രഹ്മപുത്ര സംഗമസ്ഥാനം വരെ.

19. ദേശീയ ജലമാർഗ്ഗം 19 *ബേത്വാ നദി:*

വടക്ക് 25° 54' 17" അക്ഷാംശത്തിലും കിഴക്ക് 79° 45' 06" രേഖാംശത്തിലും റിർവ്വാ ബുസുർഗ് ദരിയയിൽ നിന്ന് വടക്ക് 25° 55' 11" അക്ഷാംശത്തിലും കിഴക്ക് 80° 13' 08" രേഖാംശത്തിലും മെരാപുർ ദരിയാ ഗ്രാമത്തിന് സമീപം ബേത്വാ നദിയുടെയും യമുനാ നദിയുടെയും സംഗമസ്ഥാനം വരെ.

20. ദേശീയ ജലമാർഗ്ഗം 20 *ഭവാനി നദി:*

വടക്ക് 11° 28' 16" അക്ഷാംശത്തിലും കിഴക്ക് 77° 06' 49" രേഖാംശത്തിലും സത്യമംഗലത്ത് ഭവാനി സാഗർ അണക്കെട്ടിൽ നിന്ന് വടക്ക് 11° 25' 54" അക്ഷാംശത്തിലും കിഴക്ക് 77° 41' 02" രേഖാംശത്തിലും സേലം–കോയമ്പത്തൂർ രാജപാത: ''ദേശീയ രാജപാത–47''–ൽ കാവേരി നദിയിലെ പാലത്തിൽ ഭവാനി നദിയുടെയും കാവേരി നദിയുടെയും സംഗമസ്ഥാനം വരെ.

21. ദേശീയ ജലമാർഗ്ഗം 21 *ഭീമാ നദി:*

വടക്ക് 17° 09' 05" അക്ഷാംശത്തിലും കിഴക്ക് 76° 46' 34" രേഖാംശത്തിലും കൃത്രിമ

മൺതിട്ടയിൽനിന്ന് (ഹിപ്പാർഗ്ഗി ഗ്രാമത്തിൽ നിന്ന് ഏകദേശം 1 കി. മീ.) വടക്ക് 16° 24' 28'' അക്ഷാംശത്തിലും കിഴക്ക് 77° 17' 13'' രേഖാംശത്തിലും ഗുണ്ട്ലൂറിൽ ഭീമാ നദിയുടെയും കൃഷ്ണാ നദിയുടെയും സംഗമസ്ഥാനം വരെ.

22. ദേശീയ ജലമാർഗ്ഗം 22 *ബിരുപാ ബഡി ഗംഗുതി ബ്രഹ്മണി നദീ വ്യൂഹം:*

വടക്ക് 20° 35' 41''അക്ഷാംശത്തിലും കിഴക്ക് 86° 06' 32''രേഖാംശത്തിലും സമാസ്പൂർ ഗ്രാമത്തിൽ നിന്ന് വടക്ക് 20° 38' 28''അക്ഷാംശത്തിലും കിഴക്ക് 86° 17' 32'' രേഖാംശത്തിലും ഖരഗ്പൂർ ഗ്രാമത്തിന് സമീപം വരെയുള്ള ആനുകല്പികമാർഗ്ഗം ഉൾപ്പെടെ വടക്ക് 20° 30' 49'' അക്ഷാംശത്തിലും കിഴക്ക് 85° 55' 20'' രേഖാംശത്തിലും ചൗദ്വാരിൽ ബിരൂപാ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 20° 37' 36'' അക്ഷാംശത്തിലും കിഴക്ക് 86° 24' 19'' രേഖാംശത്തിലും ഊപ്പർക്കായി പാടാ ഗ്രാമത്തിന് സമീപം ബിരൂപാ നദിയുടെയും ബ്രഹ്മണി നദിയുടെയും സംഗമസ്ഥാനം വരെ.

ബ്രഹ്മണി നദിയിൽ വടക്ക് 20° 37' 36'' അക്ഷാംശത്തിലും കിഴക്ക് 86° 24' 19'' രേഖാംശത്തിലും ഊപ്പർക്കായി പാടാ ഗ്രാമത്തിന്

സമീപം ബിരൂപാ നദിയുടെയും ബ്രഹ്മണി നദിയുടെയും സംഗമസ്ഥാനത്ത് നിന്ന് വടക്ക് 20° 39' 26'' അക്ഷാംശത്തിലും കിഴക്ക് 86° 44' 53'' രേഖാംശത്തിലും കടനയിൽ ബ്രഹ്മണി നദി വരെ.

23. ദേശീയ ജലമാർഗ്ഗം 23 *ബുദ്ധ ബലംഗാ നദി:*

വടക്ക് 21° 38' 13'' അക്ഷാംശത്തിലും കിഴക്ക് 86° 50' 53'' രേഖാംശത്തിലും കൃത്രിമ മൺതിട്ടയിൽനിന്ന് (പാടലിപുര ഗ്രാമത്തിൽ നിന്ന് ഏകദേശം 300 മീ.) വടക്ക് 21° 28' 12'' അക്ഷാംശത്തിലും കിഴക്ക് 87° 04' 12'' രേഖാംശത്തിലും ചാന്ദീപുർ ഫിഷിംഗ് പോർട്ടിൽ ബുദ്ധ ബലംഗാ നദിയുടെ ബംഗാൾ ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

24. ദേശീയ ജലമാർഗ്ഗം 24 *ചമ്പൽ നദി:*

വടക്ക് 26° 41' 56''അക്ഷാംശത്തിലും കിഴക്ക് 78° 56' 09'' രേഖാംശത്തിലും ദേശീയ രാജപാത–92–ൽ ചമ്പൽ റോഡ് പാലത്തിൽ നിന്ന് വടക്ക് 26° 29' 30'' അക്ഷാംശത്തിലും കിഴക്ക് 79° 15' 01'' രേഖാംശത്തിലും ചരക്പുര ഗ്രാമത്തിൽ ചമ്പൽ നദിയുടെയും യമുനാ നദിയുടെയും സംഗമസ്ഥാനം വരെ.

25. ദേശീയ ജലമാർഗ്ഗം 25 *ചപോറാ നദി:*

വടക്ക് 15° 42' 47" അക്ഷാംശത്തിലും കിഴക്ക് 73° 57' 23" രേഖാംശത്തിലും 124–ാം നമ്പർ സംസ്ഥാന രാജപാതയിലെ പാലത്തിൽ നിന്ന് (മനേരി ഗ്രാമത്തിൽ നിന്ന് 1 കി. മീ.) വടക്ക് 15° 36' 33" അക്ഷാംശത്തിലും കിഴക്ക് 73° 44' 01" രേഖാംശത്തിലും മോർജിമിൽ ചപോറാ നദിയുടെ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

26. ദേശീയ ജലമാർഗ്ഗം 26 *ചെനാബ് നദി:*

വടക്ക് 33° 05' 07" അക്ഷാംശത്തിലും കിഴക്ക് 74° 48' 06" രേഖാംശത്തിലും ചെനാബ് റോഡ് പാലത്തിൽ നിന്ന് വടക്ക് 32° 48' 12" അക്ഷാംശത്തിലും കിഴക്ക് 74° 34' 53" രേഖാംശത്തിലും ഭർദാകലാന് സമീപമുള്ള പാലം വരെ.

27. ദേശീയ ജലമാർഗ്ഗം 27 *കംബർജുവ നദി:*

വടക്ക് 15° 24' 40"അക്ഷാംശത്തിലും കിഴക്ക് 73° 54' 48" രേഖാംശത്തിലും കോർട്ടലിം ഫെറി ടെർമിനലിന് സമീപം കംബർജുവാ നദിയുടെയും സുവാരി നദിയുടെയും സംഗമസ്ഥാനത്ത് നിന്ന് വടക്ക് 15° 31' 26"അക്ഷാംശത്തിലും കിഴക്ക് 73° 55' 34" രേഖാംശത്തിലും സാവോ മാർട്ടിയസ്

വിധാൻ പരിഷത്തിന് സമീപം കംബർജുവാ നദിയുടെയും മൺഡോവി നദിയുടെയും സംഗമസ്ഥാനം വരെ.

28. ദേശീയ ജലമാർഗ്ഗം 28 *ഡബോൽ ക്രീക്ക് വഷിഷ്ടി നദി:*

വടക്ക് 17° 34' 51" അക്ഷാംശത്തിലും കിഴക്ക് 73° 09' 18" രേഖാംശത്തിലും ഡബോലിൽ അറബിക്കടലിൽ നിന്ന് വടക്ക് 17° 32' 39" അക്ഷാംശത്തിലും കിഴക്ക് 73° 30' 36" രേഖാംശത്തിലും പെഢേയിലെ പാലം വരെ.

29. ദേശീയ ജലമാർഗ്ഗം 29 *ദാമോദർ നദി:*

വടക്ക് 23° 12' 40"അക്ഷാംശത്തിലും കിഴക്ക് 87° 50' 54" രേഖാംശത്തിലും 8-ാം നമ്പർ സംസ്ഥാന രാജപാതയിൽ ബർദ്മാനിലെ കൃഷക് സേതുവിൽ നിന്ന് വടക്ക് 22° 21' 01" അക്ഷാംശത്തിലും കിഴക്ക് 88° 05' 19" രേഖാംശത്തിലും പൂർബാ ബസുദേബ്പൂരിന് സമീപം ഹൂഗ്ലി നദിയുമായുള്ള സംഗമസ്ഥാനം വരെ.

30. ദേശീയ ജലമാർഗ്ഗം 30 *ദേഹിംഗ് നദി:*

വടക്ക് 27° 19' 25" അക്ഷാംശത്തിലും കിഴക്ക് 95° 18' 45" രേഖാംശത്തിലും മെർബിൽ മജുലി നമ്പർ

1–ലെ റെയിൽ പാലത്തിൽ നിന്ന് വടക്ക് 27° 15' 10" അക്ഷാംശത്തിലും കിഴക്ക് 94° 40' 01" രേഖാംശത്തിലും ലചൻ ഗ്രാമത്തിന് സമീപം ദേഹിംഗ് നദിയുടെയും ബ്രഹ്മപുത്ര നദിയുടെയും സംഗമസ്ഥാനം വരെ.

31. ദേശീയ ജലമാർഗ്ഗം 31 *ധൻസിരി/ചാഥെ നദി:*

വടക്ക് 26° 24' 41" അക്ഷാംശത്തിലും കിഴക്ക് 93° 53' 47" രേഖാംശത്തിലും മൊറോംഗി റ്റി.ഇ. ഗ്രാമത്തിന് സമീപം പാലത്തിൽ നിന്ന് വടക്ക് 26° 42' 01" അക്ഷാംശത്തിലും കിഴക്ക് 93° 35' 15" രേഖാംശത്തിലും നുമാലിഗഡ് വരെ.

32. ദേശീയ ജലമാർഗ്ഗം 32 *ദിഖു നദി:*

വടക്ക് 26° 55' 18" അക്ഷാംശത്തിലും കിഴക്ക് 94° 44' 27" രേഖാംശത്തിലും 1–ാം നമ്പർ സംസ്ഥാന രാജപാതയിൽ നസിറയിലെ പാലത്തിൽനിന്ന് വടക്ക് 26° 59' 58" അക്ഷാംശത്തിലും കിഴക്ക് 94° 27' 42" രേഖാംശത്തിലും ദിഖു നദിയുടെയും ബ്രഹ്മപുത്ര നദിയുടെയും സംഗമസ്ഥാനം വരെ.

33. ദേശീയ ജലമാർഗ്ഗം 33 *ദോയാൻസ് നദി:*

വടക്ക് 26° 10' 47" അക്ഷാംശത്തിലും കിഴക്ക് 93° 59' 10" രേഖാംശത്തിലും സിയാൽമറിക്ക് സമീപം പാലത്തിൽ നിന്ന് വടക്ക് 26° 26' 53" അക്ഷാംശത്തിലും കിഴക്ക് 93° 57' 12" രേഖാംശത്തിലും ദോയാൻസ് നദിയുടെയും സുബാൻസിറി നദിയുടെയും സംഗമസ്ഥാനം വരെ.

34. ദേശീയ ജലമാർഗ്ഗം 34 *ഡിവിസി കനാൽ:*

വടക്ക് 23° 28' 47" അക്ഷാംശത്തിലും കിഴക്ക് 87° 18' 19" രേഖാംശത്തിലും ദുർഗ്ഗാപുർ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 23° 0' 31" അക്ഷാംശത്തിലും കിഴക്ക് 88° 24' 55" രേഖാംശത്തിലും ത്രിവേണിയ്ക്ക് സമീപം ഡിവിസി കനാലിന്റെ ഹൂഗ്ലി നദിയുമായുള്ള സംഗമബിന്ദു വരെ.

35. ദേശീയജലമാർഗ്ഗം 35 *ദ്വാരകേശ്വർ നദി:*

വടക്ക് 23° 06' 55"അക്ഷാംശത്തിലും കിഴക്ക് 87° 18' 47" രേഖാംശത്തിലും അബന്തികയ്ക്ക് സമീപം പാലത്തിൽ നിന്ന് വടക്ക് 22° 40' 17"

അക്ഷാംശത്തിലും കിഴക്ക് 87° 46' 43'' രേഖാംശത്തിലും പ്രതാപ്പൂരിൽ ദ്വാരകേശ്വർ നദിയുടെയും സിലായി നദിയുടെയും സംഗമസ്ഥാനം വരെ.

36. ദേശീയ ജലമാർഗ്ഗം 36 *ദ്വാരകാ നദി:*

വടക്ക് 24° 06' 58'' അക്ഷാംശത്തിലും കിഴക്ക് 87° 47' 51'' രേഖാംശത്തിലും താരാപീഠിൽ പാലത്തിൽ നിന്ന് വടക്ക് 23° 43' 53'' അക്ഷാംശത്തിലും കിഴക്ക് 88° 10' 51'' രേഖാംശത്തിലും മൗഗ്രാം ഗ്രാമത്തിന് സമീപം ഭാഗീരഥി നദിയുമായുള്ള സംഗമസ്ഥാനം വരെ.

37. ദേശീയ ജലമാർഗ്ഗം 37 *ഗണ്ഡക് നദി:*

വടക്ക് 27° 26' 22''അക്ഷാംശത്തിലും കിഴക്ക് 83° 54' 24'' രേഖാംശത്തിലും ത്രിവേണി ഘട്ടിന് സമീപം ഭായ്സസ്ലോട്ടൽ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 25° 39' 18''അക്ഷാംശത്തിലും കിഴക്ക് 85° 10' 28'' രേഖാംശത്തിലും ഹാജിപുരിൽ ഗണ്ഡക് നദിയുടെയും ഗംഗാ നദിയുടെയും സംഗമസ്ഥാനം വരെ.

38. ദേശീയ ജലമാർഗ്ഗം 38 *ഗംഗാധർ നദി:*

വടക്ക് 26° 27' 30" അക്ഷാംശത്തിലും കിഴക്ക് 89° 51' 25" രേഖാംശത്തിലും ദേശീയ രാജപാത–31സി–യിൽ പക്രിഗുരി പാലത്തിൽനിന്ന് വടക്ക് 26° 0' 32" അക്ഷാംശത്തിലും കിഴക്ക് 89° 49' 57" രേഖാംശത്തിലും ബിന്നാചാര പോയിന്റ് III–ൽ ബാംഗ്ലാദേശ് അതിർത്തി വരെ.

39. ദേശീയ ജലമാർഗ്ഗം 39 *ഗനോൽ നദി:*

വടക്ക് 25° 31' 47" അക്ഷാംശത്തിലും കിഴക്ക് 89° 51' 24" രേഖാംശത്തിലും മംകാചാരിൽ ബാംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 25° 34' 20" അക്ഷാംശത്തിലും കിഴക്ക് 90° 03' 46" രേഖാംശത്തിലും ഡോൽബറിയ്ക്ക് സമീപത്തുള്ള പാലം വരെ.

40. ദേശീയ ജലമാർഗ്ഗം 40 *ഘാഗ്രാ നദി:*

വടക്ക് 26° 47' 51" അക്ഷാംശത്തിലും കിഴക്ക് 82° 06' 46" രേഖാംശത്തിലും ഫൈസാബാദിൽ നിന്ന് വടക്ക് 25° 44' 13" അക്ഷാംശത്തിലും കിഴക്ക് 84° 42' 03" രേഖാംശത്തിലും മൻജി ഘട്ടിൽ ഘാഗ്രാ

നദിയുടെയും ഗംഗാനദിയുടെയും സംഗമസ്ഥാനം വരെ.

41. ദേശീയ ജലമാർഗ്ഗം 41 *ഘടപ്രഭാ നദി:*

വടക്ക് 16° 20' 01" അക്ഷാംശത്തിലും കിഴക്ക് 75° 11' 23" രേഖാംശത്തിലും മലാലിക്ക് സമീപം കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 16° 20' 13" അക്ഷാംശത്തിലും കിഴക്ക് 75° 47' 54" രേഖാംശത്തിലും ചിക്ക്സംഗമിൽ കൃഷ്ണാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

42. ദേശീയ ജലമാർഗ്ഗം 42 *ഗോമതി നദി:*

വടക്ക് 26° 52' 21" അക്ഷാംശത്തിലും കിഴക്ക് 80° 54' 58" രേഖാംശത്തിലും ലക്നൗവിലെ ബാര ഇമാംബരയിൽ നിന്ന് വടക്ക് 25° 30' 31" അക്ഷാംശത്തിലും കിഴക്ക് 83° 10' 17" രേഖാംശത്തിലും ഗോമതി നദിയുടെ ഗംഗാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

43. ദേശീയ ജലമാർഗ്ഗം 43 *ഗുരുപൂർ നദി:*

വടക്ക് 12° 50' 44" അക്ഷാംശത്തിലും കിഴക്ക് 74° 49' 45" രേഖാംശത്തിലും നേത്രാവതി നദിയുടെ

സംഗമ സ്ഥാനത്ത് നിന്ന് വടക്ക് 12° 55' 35'' അക്ഷാംശത്തിലും കിഴക്ക് 74° 49' 37'' രേഖാംശത്തിലും മംഗലാപുരം തുറമുഖ പാലത്തിന്റെ സംഗമസ്ഥാനം വരെ.

44. ദേശീയ ജലമാർഗ്ഗം 44 *ഇച്ഛാമതി നദി:*

വടക്ക് 22° 53' 50'' അക്ഷാംശത്തിലും കിഴക്ക് 88° 53' 49'' രേഖാംശത്തിലും ബാംഗ്ലാദേശ് അതിർത്തിക്ക് സമീപം ഗോബ്രയിൽ ബോർഡർ മെയിൻ റോഡിലെ പാലത്തിൽ നിന്ന് വടക്ക് 22° 39' 07'' അക്ഷാംശത്തിലും കിഴക്ക് 88° 55' 35'' രേഖാംശത്തിലും ബൻസ്ജരി മല്ലിക്ക്പുരിൽ ബാംഗ്ലാദേശ് അതിർത്തിക്ക് സമീപം വരെ.

45. ദേശീയ ജലമാർഗ്ഗം 45 *ഇന്ദിരാ ഗാന്ധി കനാൽ:*

വടക്ക് 31° 08' 33'' അക്ഷാംശത്തിലും കിഴക്ക് 74° 56' 57'' രേഖാംശത്തിലും ഹരികെ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 27° 18' 37'' അക്ഷാംശത്തിലും കിഴക്ക് 71° 09' 10'' രേഖാംശത്തിലും മോഹൻഗഡിന് സമീപം വരെ.

46. ദേശീയ ജലമാർഗ്ഗം 46 *സിന്ധു നദി:*

വടക്ക് 33° 49' 43'' അക്ഷാംശത്തിലും കിഴക്ക് 77° 48' 56'' രേഖാംശത്തിലും ഉപശി ഗ്രാമത്തിൽ രാജ പാതയിലെ പാലത്തിൽ നിന്ന് വടക്ക് 34° 03' 35''

അക്ഷാംശത്തിലും കിഴക്ക് 77° 38' 33" രേഖാംശത്തിലും ഷേ ഗ്രാമത്തിന് സമീപം ഷേ–ചുച്ചോൾ റോഡിലെ പാലം വരെ.

47. ദേശീയ ജലമാർഗ്ഗം 47 *ജലംഗി നദി:*

വടക്ക് 23° 47' 47" അക്ഷാംശത്തിലും കിഴക്ക് 88° 27' 09" രേഖാംശത്തിലും പ്ലാഷിപാരയ്ക്ക് സമീപം 14–ാം നമ്പർ സംസ്ഥാന രാജപാതയിലെ പാലത്തിൽ നിന്ന് വടക്ക് 23° 24' 39" അക്ഷാംശത്തിലും കിഴക്ക് 88° 22' 48" രേഖാംശത്തിലും നബദ്വീപിൽ ജലംഗി നദിയുടെ ഹുഗ്ലി/ഭാഗീരഥി നദികളുമായുള്ള സംഗമസ്ഥാനം വരെ.

48. ദേശീയ ജലമാർഗ്ഗം 48 *ജവായ്-ലുനി നദികളും റാൻ ഓഫ് കച്ചും:*

വടക്ക് 25° 20' 37" അക്ഷാംശത്തിലും കിഴക്ക് 72° 41' 09" രേഖാംശത്തിലും ജലോറിൽ ജവായി നദിയിൽ നിന്ന് ഗാന്ധവ് ഗ്രാമത്തിന് സമീപം ലുനി നദി വരെ, വടക്ക് 23° 32' 54" അക്ഷാംശത്തിലും കിഴക്ക് 68° 22' 27" രേഖാംശത്തിലും റാൻ ഓഫ് കച്ച് വരെ.

49. ദേശീയ ജലമാർഗ്ഗം 49 *ഝലം നദി:*

വടക്ക് 33° 49' 26" അക്ഷാംശത്തിലും കിഴക്ക് 75° 03' 50" രേഖാംശത്തിലും രാജപാതയിലെ പാലത്തിൽ നിന്ന് വടക്ക് 34° 21' 37" അക്ഷാംശത്തിലും കിഴക്ക് 74° 36' 36" രേഖാംശത്തിലും ശ്രീനഗറിലെ വൂളർ തടാകം വരെ.

50. ദേശീയ ജലമാർഗ്ഗം 50 *ജിൻജിറാം നദി:*

വടക്ക് 25° 51' 51" അക്ഷാംശത്തിലും കിഴക്ക് 89° 58' 57" രേഖാംശത്തിലും തുംനിയിൽ ബ്രഹ്മപുത്ര നദിയുമായുള്ള സംഗമസ്ഥാനത്ത് നിന്ന് വടക്ക് 25° 44' 15" അക്ഷാംശത്തിലും കിഴക്ക് 89° 52' 53" രേഖാംശത്തിലും ബ്രഹ്മപുത്ര നദിയിൽ ഫുലെർച്ചർ പോയിന്റ് III വരെ.

51. ദേശീയ ജലമാർഗ്ഗം 51 *കബനി നദി:*

വടക്ക് 11° 58' 25" അക്ഷാംശത്തിലും കിഴക്ക് 76° 21' 10" രേഖാംശത്തിലും കബനി അണക്കെട്ടിൽ നിന്ന് വടക്ക് 11° 56' 10" അക്ഷാംശത്തിലും കിഴക്ക് 76° 14' 18" രേഖാംശത്തിലും ബീരംബള്ളി വരെ.

52. ദേശീയ ജലമാർഗ്ഗം 52 *കാളി നദി:*

വടക്ക് 14° 55' 08" അക്ഷാംശത്തിലും കിഴക്ക് 74° 32' 07" രേഖാംശത്തിലും കൊടസള്ളി

അണക്കെട്ടിൽ നിന്ന് വടക്ക് 14° 50' 31" അക്ഷാംശത്തിലും കിഴക്ക് 74° 07' 21" രേഖാംശത്തിലും സദാശിവഗഡ് പാലത്തിന് സമീപം കാളി നദിയുടെ അറബിക്കടലുമായുള്ള സംഗമ സ്ഥാനം വരെ.

53. ദേശീയ ജലമാർഗ്ഗം 53 *കല്യാൺ-താനെ-മുംബൈ ജലമാർഗ്ഗവും വസായ് ക്രീക്കും ഉൽഹസ് നദിയും:*

വടക്ക് 18° 55' 50" അക്ഷാംശത്തിലും കിഴക്ക് 72° 53' 22" രേഖാംശത്തിലും നവി മുംബൈയിൽ അറബിക്കടലിൽ നിന്ന് ഉൽഹസ് നദിയിലൂടെ വടക്ക് 19° 02' 38" അക്ഷാംശത്തിലും കിഴക്ക് 73° 19' 54" രേഖാംശത്തിലും മാലേഗാവ് ടി. വാരെഡിക്ക് സമീപം 76-ാം നമ്പർ സംസ്ഥാന രാജപാതയിൽ പാലം വരെ;

വടക്ക് 19° 14' 06" അക്ഷാംശത്തിലും കിഴക്ക് 73° 08' 49" രേഖാംശത്തിലും കല്യാണിൽ കല്യാൺ റെയിൽവേ യാഡിന് സമീപം കല്യാൺ-ബദ്ലാപുർ റോഡിലെ പാലത്തിൽ നിന്ന് വടക്ക് 19° 15' 35" അക്ഷാംശത്തിലും കിഴക്ക് 73° 09' 28" രേഖാംശത്തിലും കല്യാൺ വരെ;

വടക്ക് 19° 18' 54" അക്ഷാംശത്തിലും കിഴക്ക് 72° 47' 30" രേഖാംശത്തിലും വസായ് ക്രീക്കിൽ

നിന്ന് വടക്ക് 19° 13' 23'' അക്ഷാംശത്തിലും കിഴക്ക് 73° 0' 21'' രേഖാംശത്തിലും കശേലി വരെ.

54. ദേശീയ ജലമാർഗ്ഗം 54 *കരംനാസ നദി:*

വടക്ക് 25° 18' 11'' അക്ഷാംശത്തിലും കിഴക്ക് 83° 31' 38'' രേഖാംശത്തിലും കകറേറ്റിലെ പാലത്തിൽ നിന്ന് വടക്ക് 25° 31' 06'' അക്ഷാംശത്തിലും കിഴക്ക് 83° 52' 47'' രേഖാംശത്തിലും കുതുബ്പുരിൽ കരമ്നാസാ നദിയുടെയും ഗംഗാനദിയുടെയും സംഗമസ്ഥാനം വരെ.

55. ദേശീയ ജലമാർഗ്ഗം 55 *കാവേരി കൊള്ളിഡം നദി:*

വടക്ക് 11° 29' 03'' അക്ഷാംശത്തിലും കിഴക്ക് 77° 42' 14'' രേഖാംശത്തിലും ഉറച്ചിക്കോട്ടൈ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 11° 21' 38'' അക്ഷാംശത്തിലും കിഴക്ക് 79° 49' 53'' രേഖാംശത്തിലും പഴൈയാറിൽ കൊള്ളിഡം നദിയുടെ ബംഗാൾ ഉൾക്കടലുമായുള്ള സംഗമ സ്ഥാനം വരെ.

56. ദേശീയ ജലമാർഗ്ഗം 56 *ഖേർകായ് നദി:*

വടക്ക് 22° 45' 12'' അക്ഷാംശത്തിലും കിഴക്ക് 86° 05' 09'' രേഖാംശത്തിലും ഗംഗിയ ഗ്രാമത്തിന്

സമീപം അണക്കെട്ടിൽ നിന്ന് വടക്ക് 22° 50' 13" അക്ഷാംശത്തിലും കിഴക്ക് 86° 09' 37" രേഖാംശത്തിലും ജംഷഡ്പൂരിൽ സുബർണ്ണരേഖാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

57. ദേശീയ ജലമാർഗ്ഗം 57 *കോപീലി നദി:*

വടക്ക് 26° 10' 41" അക്ഷാംശത്തിലും കിഴക്ക് 92° 13' 05" രേഖാംശത്തിലും ബന്തായി ഗാവ് തിനാലി ബസ് സ്റ്റോപ്പിലെ പാലത്തിൽ നിന്ന് വടക്ക് 26° 15' 07" അക്ഷാംശത്തിലും കിഴക്ക് 91° 56' 49" രേഖാംശത്തിലും ചന്ദ്രപൂർ നമ്പർ 2-ൽ ബ്രഹ്മപുത്ര നദിയുമായുള്ള സംഗമസ്ഥാനം വരെ.

58. ദേശീയ ജലമാർഗ്ഗം 58 *കോസി നദി:*

വടക്ക് 26° 31' 40" അക്ഷാംശത്തിലും കിഴക്ക് 86° 55' 29" രേഖാംശത്തിലും ഹനുമാൻ നഗറിൽ കോസി കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 25° 24' 40" അക്ഷാംശത്തിലും കിഴക്ക് 87° 15' 14" രേഖാംശത്തിലും കുർസേലായിൽ കോസിയുടെ ഗംഗാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

59. ദേശീയ ജലമാർഗ്ഗം 59 *കോട്ടയം -വൈക്കം കനാൽ:*

വടക്ക് 9° 34' 39" അക്ഷാംശത്തിലും കിഴക്ക് 76° 31' 08" രേഖാംശത്തിലും കോട്ടയത്ത്

കോടിമതയ്ക്ക് സമീപത്ത് നിന്ന് വടക്ക് 9° 40' 0" അക്ഷാംശത്തിലും കിഴക്ക് 76° 24' 11" രേഖാംശത്തിലും ദേശീയ ജലമാർഗ്ഗം 3-ൽ ചേരുന്ന വെച്ചൂർ വരെ.

60. ദേശീയ ജലമാർഗ്ഗം 60 *കുമാരി നദി:*

വടക്ക് 23° 06' 37" അക്ഷാംശത്തിലും കിഴക്ക് 86° 15' 51" രേഖാംശത്തിലും അമ്രുഹാസ ഗ്രാമത്തിന് സമീപം അണക്കെട്ടിൽ നിന്ന് വടക്ക് 22° 57' 18" അക്ഷാംശത്തിലും കിഴക്ക് 86° 44' 43" രേഖാംശത്തിലും ചിയാദായിൽ മുകുത്മണിപുർ അണക്കെട്ട് വരെ.

61. ദേശീയ ജലമാർഗ്ഗം 61 *കിൻഷി നദി:*

വടക്ക് 25° 12' 07" അക്ഷാംശത്തിലും കിഴക്ക് 91° 15' 21" രേഖാംശത്തിലും മാവ്പില്ലമിന് സമീപം ബാംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 25° 19' 35" അക്ഷാംശത്തിലും കിഴക്ക് 91° 04' 07" രേഖാംശത്തിലും നോൻഘില്ലം-മാവേറ്റ് റോഡിൽ പാലം വരെ.

62. ദേശീയ ജലമാർഗ്ഗം 62 *ലോഹിത് നദി:*

വടക്ക് 27° 52' 40" അക്ഷാംശത്തിലും കിഴക്ക് 96° 21' 40" രേഖാംശത്തിലും പരശുറാം കുണ്ട് നിന്ന്

വടക്ക് 27° 47' 49" അക്ഷാംശത്തിലും കിഴക്ക് 95° 38' 14" രേഖാംശത്തിലും സാദിയയിൽ ശൈഖോവ ഘട്ട് വരെ.

63. ദേശീയ ജലമാർഗ്ഗം 63 *ലൂണി നദി:*

വടക്ക് 26° 13' 35" അക്ഷാംശത്തിലും കിഴക്ക് 73° 41' 20" രേഖാംശത്തിലും ജസ്വന്ത്പുരയിലെ അണക്കെട്ടിൽ നിന്ന് വടക്ക് 24° 57' 04" അക്ഷാംശത്തിലും കിഴക്ക് 71° 38' 02" രേഖാംശത്തിലും മലിപുരയ്ക്ക് സമീപം കൃത്രിമ മൺതിട്ട വരെ.

64. ദേശീയ ജലമാർഗ്ഗം 64 *മഹാ നദി:*

വടക്ക് 21° 27' 34" അക്ഷാംശത്തിലും കിഴക്ക് 83° 57' 50" രേഖാംശത്തിലും സാംബൽപൂർ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 20° 19' 38" അക്ഷാംശത്തിലും കിഴക്ക് 86° 40' 17" രേഖാംശത്തിലും പാരദ്വീപ് വരെ.

65. ദേശീയ ജലമാർഗ്ഗം 65 *മഹാനന്ദ നദി:*

വടക്ക് 25° 26' 41" അക്ഷാംശത്തിലും കിഴക്ക് 88° 05' 26" രേഖാംശത്തിലും ഗോസൈപൂരിന്

സമീപം പാലത്തിൽ നിന്ന് വടക്ക് 24° 57' 17'' അക്ഷാംശത്തിലും കിഴക്ക് 88° 10' 59'' രേഖാംശത്തിലും അദംപുരിന് സമീപം ബാംഗ്ലാദേശ് അതിർത്തി വരെ.

66. ദേശീയ ജലമാർഗ്ഗം 66 *മഹി നദി:*

വടക്ക് 23° 18' 22'' അക്ഷാംശത്തിലും കിഴക്ക് 73° 49' 37'' രേഖാംശത്തിലും കഡനാ അണക്കെട്ടിൽ നിന്ന് വടക്ക് 22° 10' 35'' അക്ഷാംശത്തിലും കിഴക്ക് 72° 30' 36'' രേഖാംശത്തിലും കവി റെയിൽവേ സ്റ്റേഷന് സമീപം ഖംഭട്ട് ഉൾക്കടലുമായുള്ള സംഗമ സ്ഥാനം വരെ.

67. ദേശീയ ജലമാർഗ്ഗം 67 *മലപ്രഭാ നദി:*

വടക്ക് 15° 49' 51'' അക്ഷാംശത്തിലും കിഴക്ക് 75° 38' 54'' രേഖാംശത്തിലും ജകാനൂരിൽ നിന്ന് വടക്ക് 16° 12' 30'' അക്ഷാംശത്തിലും കിഴക്ക് 76° 04' 16'' രേഖാംശത്തിലും കുടലസംഗമത്ത് കൃഷ്ണ നദിയുമായുള്ള സംഗമസ്ഥാനം വരെ.

68. ദേശീയ ജലമാർഗ്ഗം 68 *മണ്ടോവിർ നദി:*

വടക്ക് 15° 26' 42'' അക്ഷാംശത്തിലും കിഴക്ക് 74° 03' 12'' രേഖാംശത്തിലും ഉസ്ഗാവിലെ പാലത്തിൽ നിന്ന് വടക്ക് 15° 28' 32'' അക്ഷാംശത്തിലും

കിഴക്ക് 73° 46' 46" രേഖാംശത്തിലും റേയിസ് മാഗോസിൽ അറബിക്കടലുമായി മാണ്ഡോവി നദിയുടെ സംഗമസ്ഥാനം വരെ.

69. ദേശീയ ജലമാർഗ്ഗം 69 *മണിമുത്താരു നദി:*

വടക്ക് 8° 39' 14" അക്ഷാംശത്തിലും കിഴക്ക് 77° 24' 47" രേഖാംശത്തിലും മണിമുത്താരു അണക്കെട്ടിൽ നിന്ന് വടക്ക് 8° 41' 03" അക്ഷാംശത്തിലും കിഴക്ക് 77° 26' 07" രേഖാംശത്തിലും അലാദിയൂരിന് സമീപം താമ്രപരണി നദിയുമായുള്ള സംഗമസ്ഥാനം വരെ.

70. ദേശീയ ജലമാർഗ്ഗം 70 *മൻജാരാ നദി:*

വടക്ക് 17° 44' 58" അക്ഷാംശത്തിലും കിഴക്ക് 77° 55' 41" രേഖാംശത്തിലും സിംഗൂർ അണക്കെട്ടിൽ നിന്ന് വടക്ക് 18° 49' 07" അക്ഷാംശത്തിലും കിഴക്ക് 77° 52' 20" രേഖാംശത്തിലും കന്ദാകുർത്തിയിൽ ഗോദാവരി നദിയുമായുള്ള സംഗമസ്ഥാനം വരെ.

71. ദേശീയ ജലമാർഗ്ഗം 71 *മാപുസാ/മൊയ്ഡി നദി:*

വടക്ക് 15° 35' 21" അക്ഷാംശത്തിലും കിഴക്ക് 73° 49' 17" രേഖാംശത്തിലും മാപുസായിൽ ദേശീയ

രാജപാത–17–ലെ പാലത്തിൽ നിന്ന് വടക്ക് 15° 30' 20" അക്ഷാംശത്തിലും കിഴക്ക് 73° 50' 42" രേഖാംശത്തിലും പോർവോരിമിൽ മാപുസാ നദിയുടെയും മണ്ഡോവി നദിയുടെയും സംഗമസ്ഥാന ബിന്ദു വരെ.

72. ദേശീയ ജലമാർഗ്ഗം 72 *നാഗ് നദി:*

വടക്ക് 21° 06' 17" അക്ഷാംശത്തിലും കിഴക്ക് 79° 06' 03" രേഖാംശത്തിലും നാഗ്പുരിൽ എൻ ഐ റ്റി കോളനിക്ക് സമീപം പാലത്തിൽ നിന്ന് വടക്ക് 21° 05' 38" അക്ഷാംശത്തിലും കിഴക്ക് 79° 27' 54" രേഖാംശത്തിലും സാവംഗി ഗ്രാമത്തിന് സമീപം കൻഹാൻ നദിയുമായുള്ള സംഗമസ്ഥാനം വരെ.

73. ദേശീയ ജലമാർഗ്ഗം 73 *നർമദാ നദി:*

വടക്ക് 21° 57' 10" അക്ഷാംശത്തിലും കിഴക്ക് 74° 08' 27" രേഖാംശത്തിലും പന്ധരിയായിൽ നിന്ന് വടക്ക് 21° 38' 27" അക്ഷാംശത്തിലും കിഴക്ക് 72° 33' 28" രേഖാംശത്തിലും ഖംഭട്ട് ഉൾക്കടലിൽ നർമ്മദാനദിയുടെ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

74. ദേശീയ ജലമാർഗ്ഗം 74 *നേത്രാവതി നദി:*

വടക്ക് 12° 57' 55" അക്ഷാംശത്തിലും കിഴക്ക് 75° 22' 10" രേഖാംശത്തിലും ധർമ്മസ്ഥലയിൽ

നേത്രാവതി അണക്കെട്ടിൽ നിന്ന് വടക്ക് 12° 50' 43" അക്ഷാംശത്തിലും കിഴക്ക് 74° 49' 29" രേഖാംശത്തിലും ബെംഗ്രെയിൽ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

75. ദേശീയ ജലമാർഗ്ഗം 75 *പാലർ നദി:*

വടക്ക് 12° 56' 14" അക്ഷാംശത്തിലും കിഴക്ക് 79° 07' 30" രേഖാംശത്തിലും വെല്ലൂരിലെ വിരുദംപട്ടുവിലെ റെയിൽ പാലത്തിൽ നിന്ന് വടക്ക് 12° 27' 52" അക്ഷാംശത്തിലും കിഴക്ക് 80° 09' 13" രേഖാംശത്തിലും സദുരംഗ പട്ടണത്തിൽ ബംഗാൾ ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

76. ദേശീയ ജലമാർഗ്ഗം 76 *പഞ്ചഗംഗാവലി/(പഞ്ചഗംഗോലി) നദി:*

വടക്ക് 13° 38' 01" അക്ഷാംശത്തിലും കിഴക്ക് 74° 40' 08" രേഖാംശത്തിലും ഗംഗോലി തുറമുഖത്ത് നിന്ന് വടക്ക് 13° 44' 50" അക്ഷാംശത്തിലും കിഴക്ക് 74° 39' 15" രേഖാംശത്തിലും ബടകേരെയിലുള്ള പാലം വരെ.

77. ദേശീയ ജലമാർഗ്ഗം 77 *പഴയാർ നദി:*

വടക്ക് 8° 13' 49" അക്ഷാംശത്തിലും കിഴക്ക് 77° 26' 27" രേഖാംശത്തിലും വീരനാരായണ മംഗലം

ഗ്രാമത്തിന് സമീപത്തെ പാലത്തിൽ നിന്ന് വടക്ക് 8° 05' 15'' അക്ഷാംശത്തിലും കിഴക്ക് 77° 29' 08'' രേഖാംശത്തിലും മണക്കുടിയിൽ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

78. ദേശീയ ജലമാർഗ്ഗം 78 *പെൻഗംഗാ വാർദ്ധാ നദീ വ്യൂഹം:*

വടക്ക് 19° 54' 08'' അക്ഷാംശത്തിലും കിഴക്ക് 78° 12' 36'' രേഖാംശത്തിലും ചിമാതാ ഗ്രാമത്തിന് സമീപം അരൺ നദിയുടെയും പെൻഗംഗാ നദിയുടെയും സംഗമസ്ഥാനത്ത് നിന്ന് വടക്ക് 19° 33' 59'' അക്ഷാംശത്തിലും കിഴക്ക് 79° 49' 0'' രേഖാംശത്തിലും റാവല്ലി ഗ്രാമത്തിന് സമീപം വാർദ്ധാ നദിയുടെയും പ്രാണഹിത നദിയുടെയും സംഗമസ്ഥാനം വരെ.

79. ദേശീയ ജലമാർഗ്ഗം 79 *പെന്നാർ നദി:*

വടക്ക് 14° 28' 08'' അക്ഷാംശത്തിലും കിഴക്ക് 79° 59' 09'' രേഖാംശത്തിലും പോതിറെഡ്ഡിപലേമിൽ പെന്നാ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 14° 35' 37'' അക്ഷാംശത്തിലും കിഴക്ക് 80° 11' 31'' രേഖാംശത്തിലും കുടുതിപലേമിന് സമീപം ബംഗാൾ ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

80. ദേശീയ ജലമാർഗ്ഗം 80 *പൊന്നിയാർ നദി:*

വടക്ക് 12° 11' 0'' അക്ഷാംശത്തിലും കിഴക്ക് 78° 51' 01'' രേഖാംശത്തിലും സതനൂർ അണക്കെട്ടിൽ നിന്ന് വടക്ക് 11° 46' 22'' അക്ഷാംശത്തിലും കിഴക്ക് 79° 47' 42'' രേഖാംശത്തിലും ബംഗാൾ ഉൾക്കടലിലെ സംഗമസ്ഥാനത്ത് കുഡ്ഡലൂർ വരെ.

81. ദേശീയ ജലമാർഗ്ഗം 81 *പുൻപുൻ നദി:*

വടക്ക് 25° 29' 50'' അക്ഷാംശത്തിലും കിഴക്ക് 85° 06' 19'' രേഖാംശത്തിലും പക്രി ഗ്രാമത്തിന് സമീപം ദേശീയ രാജപാത–83–ൽ പാലത്തിൽ നിന്ന് വടക്ക് 25° 30' 50'' അക്ഷാംശത്തിലും കിഴക്ക് 85° 18' 17'' രേഖാംശത്തിലും ഫതുഹായിൽ ഗംഗാനദിയുമായുള്ള സംഗമസ്ഥാനം വരെ.

82. ദേശീയ ജലമാർഗ്ഗം 82 *പുതിമാരി നദി:*

വടക്ക് 26° 22' 01'' അക്ഷാംശത്തിലും കിഴക്ക് 91° 39' 11'' രേഖാംശത്തിലും ഘോപ്ല ഗ്രാമത്തിന് സമീപം ദേശീയ രാജപാത–31–ൽ പാലത്തിൽ നിന്ന് വടക്ക് 26° 15' 28'' അക്ഷാംശത്തിലും കിഴക്ക് 91° 20' 35'' രേഖാംശത്തിലും ബാമുൻബോറിക്ക് സമീപം ബ്രഹ്മപുത്ര നദിയുമായുള്ള സംഗമസ്ഥാനം വരെ.

83. ദേശീയ ജലമാർഗ്ഗം 83 *രാജ്പുരി ക്രീക്ക്:*

വടക്ക് 18° 18' 03" അക്ഷാംശത്തിലും കിഴക്ക് 72° 56' 43" രേഖാംശത്തിലും രാജ്പുരിയിൽ അറബിക്കടലിൽ നിന്ന് വടക്ക് 18° 08' 15" അക്ഷാംശത്തിലും കിഴക്ക് 73° 06' 45" രേഖാംശത്തിലും മഹ്സല വരെ.

84. ദേശീയ ജലമാർഗ്ഗം 84 *രവി നദി:*

വടക്ക് 32° 35' 51" അക്ഷാംശത്തിലും കിഴക്ക് 75° 59' 05" രേഖാംശത്തിലും ഗാന്ധിയാരിൽ അണക്കെട്ടിൽ നിന്ന് വടക്ക് 32° 26' 36" അക്ഷാംശത്തിലും കിഴക്ക് 75° 43' 45" രേഖാംശത്തിലും ബസോലിയിൽ രൺജീത് സാഗർ അണക്കെട്ട് വരെ.

85. ദേശീയ ജലമാർഗ്ഗം 85 *രേവദന്ദ ക്രീക്ക് കുണ്ടലിക നദീ വ്യൂഹം:*

വടക്ക് 18° 32' 20" അക്ഷാംശത്തിലും കിഴക്ക് 72° 55' 33" രേഖാംശത്തിലും രേവദന്ദയിൽ അറബിക്കടലിൽ നിന്ന് വടക്ക് 18° 26' 32" അക്ഷാംശത്തിലും കിഴക്ക് 73° 07' 11" രേഖാംശത്തിലും രോഹ നഗറിന് സമീപം രോഹ–അഷ്ടമി റോഡിൽ പാലം വരെ.

86. ദേശീയ ജലമാർഗ്ഗം 86 *രൂപ്നാരായൺ നദി:*

വടക്ക് 22° 40' 17" അക്ഷാംശത്തിലും കിഴക്ക് 87° 46' 43" രേഖാംശത്തിലും പ്രതാപ്പൂരിൽ ദ്വാരകേശ്വർ നദിയുടെയും സിലായി നദിയുടെയും

സംഗമ സ്ഥാനത്ത് നിന്ന് വടക്ക് 22° 12' 42'' അക്ഷാംശത്തിലും കിഴക്ക് 88° 03' 14'' രേഖാംശത്തിലും ഗോംഖലിയിൽ ഹുഗ്ലി നദിയുമായുള്ള സംഗമസ്ഥാനം വരെ.

87. ദേശീയ ജലമാർഗ്ഗം 87 *സബർമതി നദി:*

വടക്ക് 23° 26' 50'' അക്ഷാംശത്തിലും കിഴക്ക് 72° 48' 35'' രേഖാംശത്തിലും സഡോലിയക്ക് സമീപം കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 22° 09' 18'' അക്ഷാംശത്തിലും കിഴക്ക് 72° 27' 28'' രേഖാംശത്തിലും ഖംഭട്ടിന് സമീപം ഖംഭട്ട് ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

88. ദേശീയ ജലമാർഗ്ഗം 88 *സാൽ നദി:*

വടക്ക് 15° 13' 11'' അക്ഷാംശത്തിലും കിഴക്ക് 73° 57' 30'' രേഖാംശത്തിലും ഓർലിം ഡ്യൂസ പാലത്തിൽ നിന്ന് വടക്ക് 15° 08' 32'' അക്ഷാംശത്തിലും കിഴക്ക് 73° 57' 0'' രേഖാംശത്തിലും മോബറിൽ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

89. ദേശീയ ജലമാർഗ്ഗം 89 *സാവിത്രി നദി (ബാൻകോട്ട് ക്രീക്ക്):*

വടക്ക് 18° 05' 54'' അക്ഷാംശത്തിലും കിഴക്ക് 73° 20' 09'' രേഖാംശത്തിലും സാപെയ്ക്ക് സമീപം പാലത്തിൽ നിന്ന് വടക്ക് 17° 58' 47'' അക്ഷാംശത്തിലും കിഴക്ക് 73° 01' 45'' രേഖാംശത്തിലും ബാൻകോട്ടിൽ അറബിക്കടൽ വരെ.

90. ദേശീയ ജലമാർഗ്ഗം 90 *ശരാവതി നദി:*

വടക്ക് 14° 17' 56" അക്ഷാംശത്തിലും കിഴക്ക് 74° 25' 27" രേഖാംശത്തിലും ഹോന്നവർ തുറമുഖ അഴിമുഖത്ത് നിന്നും വടക്ക് 14° 14' 15" അക്ഷാംശത്തിലും കിഴക്ക് 74° 39' 06" രേഖാംശത്തിലും ജെർസൊപ്പയിലെ രാജപാതയിലെ സന്ധി വരെ.

91. ദേശീയ ജലമാർഗ്ഗം 91 *ശാസ്ത്രി നദി ജയ്ഗഢ് ക്രീക്ക്:*

വടക്ക് 17° 11' 16" അക്ഷാംശത്തിലും കിഴക്ക് 73° 33' 03" രേഖാംശത്തിലും സംഗമേശ്വറിൽ നിന്ന് വടക്ക് 17° 19' 12" അക്ഷാംശത്തിലും കിഴക്ക് 73° 12' 39" രേഖാംശത്തിലും ജയ്ഗഢിൽ അറബിക്കടലുമായുള്ള സംഗമസ്ഥാനം വരെ.

92. ദേശീയ ജലമാർഗ്ഗം 92 *സിലബതി നദി:*

വടക്ക് 22° 34' 53" അക്ഷാംശത്തിലും കിഴക്ക് 87° 38' 31" രേഖാംശത്തിലും ഷിമുലിയാ ഗ്രാമത്തിന് സമീപം കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 22° 40' 17" അക്ഷാംശത്തിലും കിഴക്ക് 87° 46' 43" രേഖാംശത്തിലും പ്രതാപ്പുരിൽ ദ്വാരകേശ്വർ നദിയുടെയും സിലായി നദിയുടെയും സംഗമസ്ഥാനം വരെ.

93. ദേശീയ ജലമാർഗ്ഗം 93 *സിംസാംങ് നദി:*

വടക്ക് 25° 11' 05" അക്ഷാംശത്തിലും കിഴക്ക് 90° 39' 25" രേഖാംശത്തിലും ബംഗ്ലാദേശ്

അതിർത്തിയിൽ നിന്ന് വടക്ക് 25° 27' 20" അക്ഷാംശത്തിലും കിഴക്ക് 90° 42' 22" രേഖാംശത്തിലും നൊംഗൽബിബ്രയ്ക്ക് സമീപം ദേശീയ രാജപാത–62–ൽ പാലം വരെ.

94. ദേശീയ ജലമാർഗ്ഗം 94 *സോണെ നദി:*

വടക്ക് 24° 50' 14" അക്ഷാംശത്തിലും കിഴക്ക് 84° 08' 03" രേഖാംശത്തിലും ദേഹ്രിയ്ക്ക് സമീപം സോണെ കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 25° 42' 15" അക്ഷാംശത്തിലും കിഴക്ക് 84° 52' 02" രേഖാംശത്തിലും സോണെ നദിയുടെയും ഗംഗാ നദിയുടെയും സംഗമസ്ഥാനം വരെ.

95. ദേശീയ ജലമാർഗ്ഗം 95 *സുബാൻസിരി നദി:*

വടക്ക് 27° 27' 03" അക്ഷാംശത്തിലും കിഴക്ക് 94° 15' 16" രേഖാംശത്തിലും ഗെരുകമുഖിൽ നിന്ന് വടക്ക് 26° 52' 25" അക്ഷാംശത്തിലും കിഴക്ക് 93° 54' 31" രേഖാംശത്തിലും ബ്രഹ്മപുത്ര സംഗമസ്ഥാനം വരെ.

96. ദേശീയ ജലമാർഗ്ഗം 96 *സുബർണ്ണ രേഖാ നദി:*

വടക്ക് 22° 58' 29" അക്ഷാംശത്തിലും കിഴക്ക് 86° 01' 14" രേഖാംശത്തിലും ചന്ദിൽ അണക്കെട്ടിൽ

നിന്ന് വടക്ക് 21° 33' 29" അക്ഷാംശത്തിലും കിഴക്ക് 87° 22' 59" രേഖാംശത്തിലും ബംഗാൾ ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

97. ദേശീയ ജലമാർഗ്ഗം 97 *സുന്ദർബൻസ് ജലമാർഗ്ഗങ്ങൾ:*

(i) വടക്ക് 21° 45' 46" അക്ഷാംശത്തിലും കിഴക്ക് 88° 13' 06" രേഖാംശത്തിലും നംഖാനയിൽ നിന്ന് വടക്ക് 21° 56' 57" അക്ഷാംശത്തിലും കിഴക്ക് 89° 05' 32" രേഖാംശത്തിലും അഥരബങ്കി ഖാൽ വരെ.

(ii) *ബിദ്യാനദി:* വടക്ക് 21° 54' 43" അക്ഷാംശത്തിലും കിഴക്ക് 88° 41' 08" രേഖാംശത്തിലും ലോട്ട് നമ്പർ 124-ൽ നിന്ന് വടക്ക് 22° 11' 48" അക്ഷാംശത്തിലും കിഴക്ക് 88° 51' 55" രേഖാംശത്തിലും ഉത്തർ ദംഗായ്ക്ക് സമീപം വരെ.

(iii) *ഛോട്ടാ കലഗച്ചി (ഛോട്ടോ കലേർഗച്ചി) നദി:* വടക്ക് 22° 19' 57" അക്ഷാംശത്തിലും കിഴക്ക് 88° 54' 21" രേഖാംശത്തിലും രജനി ഫെറി ഘട്ടിന് സമീപത്ത് നിന്ന് വടക്ക് 22° 26' 05" അക്ഷാംശത്തിലും കിഴക്ക് 88° 50' 12" രേഖാംശത്തിലും നാസാട്ടിന് സമീപം വരെ.

(iv) *ഗോമർ നദി:* വടക്ക് 22° 11' 53" അക്ഷാംശത്തിലും കിഴക്ക് 88° 44' 42" രേഖാംശത്തിലും രാമകൃഷ്ണപൂരിന് സമീപത്ത്

നിന്ന് വടക്ക് 22° 10' 05'' അക്ഷാംശത്തിലും കിഴക്ക് 88° 47' 37'' രേഖാംശത്തിലും ഗോസബ ഖേയ ഘട്ടിന് സമീപം വരെ.

(v) *ഹരിഭംഗാ നദി:* വടക്ക് 21° 53' 19'' അക്ഷാംശത്തിലും കിഴക്ക് 89° 01' 24'' രേഖാംശത്തിലും ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 21° 58' 18'' അക്ഷാംശത്തിലും കിഴക്ക് 88° 55' 08'' രേഖാംശത്തിലും ഝിലാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

(vi) *ഹോഗ്ലാ (ഹൊൽഗൽ)–പത്താൻഖാലി നദി:* വടക്ക് 22° 12' 22'' അക്ഷാംശത്തിലും കിഴക്ക് 88° 40' 43'' രേഖാംശത്തിലും പരന്ദറിന് സമീപത്ത് നിന്ന് വടക്ക് 22° 21' 12'' അക്ഷാംശത്തിലും കിഴക്ക് 88° 52' 48'' രേഖാംശത്തിലും സന്ദേശ്ഖായി ഫെറി ഘട്ടിന് സമീപം വരെ.

(vii) *കാളിന്ദി (കാളന്ദി) നദി:* വടക്ക് 22° 28' 08'' അക്ഷാംശത്തിലും കിഴക്ക് 88° 59' 46'' രേഖാംശത്തിലും ഹിൻഗൽഗൻഞ്ജിൽ ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 22° 24' 41'' അക്ഷാംശത്തിലും കിഴക്ക് 88° 58' 21'' രേഖാംശത്തിലും ഖോസ്ബാഷിന് സമീപം ബംഗ്ലാദേശ് അതിർത്തി വരെ.

(viii) *കടഖാലി നദി:* വടക്ക് 22° 30' 31'' അക്ഷാംശത്തിലും കിഴക്ക് 88° 58' 25'' രേഖാംശത്തിലും ബറുൻഹട്ടിന് സമീപം ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 22° 21' 45'' അക്ഷാംശത്തിലും കിഴക്ക് 88° 57' 30'' രേഖാംശത്തിലും ലെബുഖാലി ഫെറി വരെ.

(ix) *മട്ലാ നദി:* വടക്ക് 21° 33' 04" അക്ഷാംശത്തിലും കിഴക്ക് 88° 38' 26" രേഖാംശത്തിലും ബംഗാൾ ഉൾക്കടലിൽ നിന്ന് വടക്ക് 22° 18' 39" അക്ഷാംശത്തിലും കിഴക്ക് 88° 40' 43" രേഖാംശത്തിലും കാനിംഗ് ഫെറി ഘട്ട് വരെ.

(x) *മുരി ഗംഗ (ബരാടാല) നദി:* വടക്ക് 21° 37' 52" അക്ഷാംശത്തിലും കിഴക്ക് 88° 10' 0" രേഖാംശത്തിലും ബിസലക്ഷ്മിപൂരിന് സമീപം ബംഗാൾ ഉൾക്കടലിൽ നിന്ന് വടക്ക് 21° 52' 17" അക്ഷാംശത്തിലും കിഴക്ക് 88° 09' 08" രേഖാംശത്തിലും കക്ദ്വീപിന് സമീപം വരെ.

(xi) *റായ്മംഗൽ നദി:* വടക്ക് 22° 11' 41" അക്ഷാംശത്തിലും കിഴക്ക് 88° 58' 01" രേഖാംശത്തിലും ഹേംനഗറിൽ നിന്ന് വടക്ക് 22° 33' 57" അക്ഷാംശത്തിലും കിഴക്ക് 88° 56' 17" രേഖാംശത്തിലും രാജ്നഗർ വരെ.

(xii) *സാഹിബ്ഖലി (സാഹേബ്ഖലി) നദി:* വടക്ക് 22° 17' 52" .അക്ഷാംശത്തിലും കിഴക്ക് 88° 56' 35" രേഖാംശത്തിലും രാമപൂരിന് സമീപത്ത് നിന്ന് വടക്ക് 22° 24' 41" അക്ഷാംശത്തിലും കിഴക്ക് 88° 58' 21" രേഖാംശത്തിലും ഖോസ്ബാഷിന് സമീപം ബംഗ്ലാദേശ് അതിർത്തി വരെ.

(xiii) *സപ്തമുഖി നദി:* വടക്ക് 21° 34' 57" അക്ഷാംശത്തിലും കിഴക്ക് 88° 19' 08" രേഖാംശത്തിലും ഹെൻറി ദ്വീപിൽ ബംഗാൾ ഉൾക്കടലിൽനിന്ന് വടക്ക് 21° 51' 14"

അക്ഷാംശത്തിലും കിഴക്ക് 88° 18' 41'' രേഖാംശത്തിലും ചിന്താമണിപൂരിന് സമീപം വരെ.

(xiv) *താക്കുറാൻ നദി:* വടക്ക് 21° 33' 32'' അക്ഷാംശത്തിലും കിഴക്ക് 88° 27' 45'' രേഖാംശത്തിലും ബംഗാൾ ഉൾക്കടലിൽ നിന്ന് വടക്ക് 22° 02' 52'' അക്ഷാംശത്തിലും കിഴക്ക് 88° 33' 28'' രേഖാംശത്തിലും മാധബ്പൂർ വരെ.

98. ദേശീയ ജലമാർഗ്ഗം 98 *സത്‌ലജ് നദി:*

വടക്ക് 31° 14' 45'' അക്ഷാംശത്തിലും കിഴക്ക് 77° 07' 34'' രേഖാംശത്തിലും സുന്നി റോഡ് പാലത്തിൽ നിന്ന് വടക്ക് 31° 08' 33'' അക്ഷാംശത്തിലും കിഴക്ക് 74° 56' 57'' രേഖാംശത്തിലും ഹരികെ അണക്കെട്ട് വരെ.

99. ദേശീയ ജലമാർഗ്ഗം 99 *താമ്രപരണി നദി:*

വടക്ക് 8° 43' 43'' അക്ഷാംശത്തിലും കിഴക്ക് 77° 42' 54'' രേഖാംശത്തിലും തിരുനൽവേലിയിൽ സുലോചന മുതലിയാർ പാലത്തിൽ നിന്ന് വടക്ക് 8° 38' 25'' അക്ഷാംശത്തിലും കിഴക്ക് 78° 07' 38'' രേഖാംശത്തിലും പുന്നെക്കായലിന് സമീപം ബംഗാൾ ഉൾക്കടലുമായുള്ള സംഗമസ്ഥാനം വരെ.

100. ദേശീയ ജലമാർഗ്ഗം 100 *തപി നദി:*

വടക്ക് 21° 04' 22'' അക്ഷാംശത്തിലും കിഴക്ക് 75° 56' 45'' രേഖാംശത്തിലും മംഗൽവാടിക്ക് സമീപം

ഹത്നൂർ അണക്കെട്ടിൽ നിന്ന് വടക്ക് 21° 02' 16'' അക്ഷാംശത്തിലും കിഴക്ക് 72° 39' 30'' രേഖാംശത്തിലും ഖംഭട്ട് ഉൾക്കടൽ (അറബിക്കടൽ) വരെ.

101. ദേശീയ ജലമാർഗ്ഗം 101 *ടിസുവും സുങ്കിയും നദികൾ:*

വടക്ക് 25° 46' 12'' അക്ഷാംശത്തിലും കിഴക്ക് 94° 44' 35'' രേഖാംശത്തിലും ലോങ്മാത്രയിൽ നിന്ന് വടക്ക് 25° 35' 03'' അക്ഷാംശത്തിലും കിഴക്ക് 94° 53' 06'' രേഖാംശത്തിലും മ്യാൻമാർ അതിർത്തിയിൽ അവാങ്ഗ്ഖു വരെയും വടക്ക് 25° 48' 26'' അക്ഷാംശത്തിലും കിഴക്ക് 94° 46' 36'' രേഖാംശത്തിലും സുങ്കി നദിയിൽ പാലത്തിൽ നിന്ന് വടക്ക് 25° 46' 58'' അക്ഷാംശത്തിലും കിഴക്ക് 94° 45' 21'' രേഖാംശത്തിലും സുങ്കി നദിയുടെയും ടിസു നദിയുടെയും സംഗമസ്ഥാനം വരെ.

102. ദേശീയ ജലമാർഗ്ഗം 102 *ത്ലാങ് (ധാലേശ്വരി നദി):*

വടക്ക് 23° 55' 22''അക്ഷാംശത്തിലും കിഴക്ക് 92° 39' 08'' രേഖാംശത്തിലും ദേശീയ രാജപാത–54–ന് സമീപം ഖമ്റാങിൽ നിന്ന് വടക്ക് 24° 17' 19'' അക്ഷാംശത്തിലും കിഴക്ക് 92° 31' 0''

രേഖാംശത്തിലും ഘർമുരയിൽ ദേശീയ രാജപാത–154–ൽ പാലം വരെ.

103. ദേശീയ ജലമാർഗ്ഗം 103 *ടോൻസ് നദി:*

വടക്ക് 25° 02' 05" അക്ഷാംശത്തിലും കിഴക്ക് 81° 43' 45" രേഖാംശത്തിലും ചക്ഘട്ടിന് സമീപം ദേശീയ രാജപാത–27–ൽ പാലത്തിൽ നിന്ന് വടക്ക് 25° 16' 32" അക്ഷാംശത്തിലും കിഴക്ക് 82° 05' 0" രേഖാംശത്തിലും സിർസയിൽ ഗംഗാ സംഗമസ്ഥാനം വരെ.

104. ദേശീയ ജലമാർഗ്ഗം 104 *തുംഗഭദ്ര നദി:*

വടക്ക് 15° 24' 33" അക്ഷാംശത്തിലും കിഴക്ക് 76° 35' 13" രേഖാംശത്തിലും ചിക്ക ജന്തകൽ ഗ്രാമത്തിന് സമീപം 29–ാം നമ്പർ സംസ്ഥാന രാജപാതയിലെ പാലത്തിൽ നിന്ന് വടക്ക് 15° 57' 20" അക്ഷാംശത്തിലും കിഴക്ക് 78° 14' 30" രേഖാംശത്തിലും മുർവ കൊണ്ട ഗ്രാമത്തിന് സമീപം കൃഷ്ണാ നദിയുമായുള്ള സംഗമസ്ഥാനം വരെ.

105. ദേശീയ ജലമാർഗ്ഗം 105 *ഉദയവര നദി:*

വടക്ക് 13° 20' 57" അക്ഷാംശത്തിലും കിഴക്ക് 74° 41' 28" രേഖാംശത്തിലും മാൽപെയിൽ അറബിക്കടൽ അഴിമുഖത്ത് നിന്ന് വടക്ക് 13° 17' 33" അക്ഷാംശത്തിലും കിഴക്ക് 74° 46' 26" രേഖാംശത്തിലും മണിപുരയ്ക്ക് സമീപം പാലം വരെ.

106. ദേശീയ ജലമാർഗ്ഗം 106 *ഉംഗോട്ട് (ദ്വാകി) നദി:*

വടക്ക് 25° 11' 07'' അക്ഷാംശത്തിലും കിഴക്ക് 92° 0' 54'' രേഖാംശത്തിലും ലാർബമൊണിന് സമീപം ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് വടക്ക് 25° 19' 05'' അക്ഷാംശത്തിലും കിഴക്ക് 92° 02' 20'' രേഖാംശത്തിലും നോൺഗ്രിങ്കോ വരെ.

107. ദേശീയ ജലമാർഗ്ഗം 107 *വൈഗൈ നദി:*

വടക്ക് 10° 05' 19'' അക്ഷാംശത്തിലും കിഴക്ക് 77° 51' 10'' രേഖാംശത്തിലും അനൈപട്ടിയ്ക്ക് സമീപം കൃത്രിമ മൺതിട്ടയിൽ നിന്ന് വടക്ക് 9° 53' 52'' അക്ഷാംശത്തിലും കിഴക്ക് 78° 10' 34'' രേഖാംശത്തിലും വിരഗനൂർ അണക്കെട്ട് വരെ.

108. ദേശീയ ജലമാർഗ്ഗം 108 *വരുണ നദി:*

വടക്ക് 25° 23' 15'' അക്ഷാംശത്തിലും കിഴക്ക് 82° 44' 07'' രേഖാംശത്തിലും കുറുവിന് സമീപം റോഡ് പാലത്തിൽ നിന്ന് വടക്ക് 25° 19' 45'' അക്ഷാംശത്തിലും കിഴക്ക് 83° 02' 41'' രേഖാംശത്തിലും വാരണാസിയിൽ സരയ് മോഹനയിൽ ഗംഗ സംഗമസ്ഥാനം വരെ.

109. ദേശീയ ജലമാർഗ്ഗം 109 *വെയിൻഗംഗ പ്രാണഹിത നദീവ്യൂഹം:*

വടക്ക് 20° 0' 30'' അക്ഷാംശത്തിലും കിഴക്ക് 79° 47' 08'' രേഖാംശത്തിലും ചന്ദപുർ ഗ്രാമത്തിന് സമീപം പാലത്തിൽ നിന്ന് വടക്ക് 18° 49' 33'' അക്ഷാംശത്തിലും കിഴക്ക് 79° 54' 33''

രേഖാംശത്തിലും കലേശ്വരത്ത് ഗോദാവരി നദിയുടെ സംഗമസ്ഥാനം വരെ.

110. ദേശീയ ജലമാർഗ്ഗം 110 *യമുനാ നദി:*

വടക്ക് 28° 45' 28" അക്ഷാംശത്തിലും കിഴക്ക് 77° 13' 50" രേഖാംശത്തിലും ഡൽഹി ജഗത്പുരിൽ നിന്നും (വസീരാബാദ് കൃത്രിമ മൺതിട്ടയിൽ നിന്നും 6 കിലോമീറ്റർ ഒഴുക്കിനെതിരായി മേലോട്ട്) വടക്ക് 25° 25' 24" അക്ഷാംശത്തിലും കിഴക്ക് 81° 53' 20" രേഖാംശത്തിലും അലഹാബാദിലെ സംഗമിൽ യമുനാ നദിയുടെയും ഗംഗാ നദിയുടെയും സംഗമസ്ഥാനം വരെ.

111. ദേശീയ ജലമാർഗ്ഗം 111 *സുവാരി നദി:*

വടക്ക് 15° 16' 15" അക്ഷാംശത്തിലും കിഴക്ക് 74° 07' 11" രേഖാംശ്ത്തിലും സൻവോർഡെം പാലത്തിൽ നിന്ന് വടക്ക് 15° 25' 55" അക്ഷാംശത്തിലും കിഴക്ക് 73° 48' 13" രേഖാംശത്തിലും മർമുഗാവ് തുറമുഖം വരെ.

---